[illegible] 10.

ഒരു

# [illegible]

വി. എം. കുമാരൻനായർ

11358

849

2

ഭാരതകഥാപാത്രമാല–10

# ധൃതരാഷ്ട്രർ

M 200·2

# DHRUTHARASHTRAR

By

P. M. KUMARAN NAIR

Publishers:

P. K. BROTHERS,

CALICUT.

Price: nP. 62

# ധൃതരാഷ്ട്രർ

ഗ്രന്ഥകർത്താ:

പി. എം. കുമാരൻനായർ

പ്രസാധകന്മാർ:

പി. കെ. ബ്രദേർസ്,

കോഴിക്കോട്

വില: 62 നഃ പൈസ

NATIONAL BOOK STALL
SPCS
LTD.
BR. KOTTAYAM

ഒന്നാംപതിപ്പ് 1960
കോപ്പി 1000

പകർപ്പവകാശം:
പ്രസാധകന്മാർക്ക്

അച്ചടി:
ആസാദ് പ്രിൻേറഴ്സ്, കൊല്ലം.

No. 11383.
KOTTAYAM PUBLIC LIBRARY
KOTTAYAM

# വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | അന്തർവേദന | 7 |
| 2. | അന്ധമായ പുത്രസ്നേഹം | 17 |
| 3. | ഈർഷ്യയുടെ ഉൽപ്പത്തി | 22 |
| 4. | വിനാശത്തിലേയ്ക്കു് | 35 |
| 5. | അഗ്നിദേവന്റെ മടിയിൽ | 47 |


★

# അന്തർവേദന

ഹിമാലയത്തിൻെറ താഴ്വരയിലാണ് ശതയൂപമഹർഷിയുടെ ആശ്രമം. താഴ്വരയുടെ മദ്ധ്യത്തിലൂടെ ഗംഗാനദി ഒഴുകുന്നുണ്ട്. ഒരുവശത്ത് ശാലവൃക്ഷങ്ങളും ദേവദാരുവൃക്ഷങ്ങളും നിരന്നുനില്ക്കുന്നുണ്ട്. അതു കണ്ടാൽ ഒരു ചക്രവർത്തി യജ്ഞത്തിനായി നിർമ്മിച്ച നിരവധി സ്തംഭങ്ങളുള്ള മണ്ഡപമാണെന്നു തോന്നും. ആശ്രമത്തിനടുത്ത് സന്ധ്യാസമയത്ത് മാനുകൾ അയവിറക്കികൊണ്ടു കിടക്കുന്നതു കാണാം. മരങ്ങളിലിരുന്നു പക്ഷികൾ കളകൂജനം ചെയ്യുന്നുണ്ട്. വളരെദൂരത്തായി മഞ്ഞുകൊണ്ട് മൂടപ്പെട്ട പർവ്വതശിഖരങ്ങൾ കാണപ്പെട്ടിരുന്നു. പ്രസ്തുത ശിഖരങ്ങളിലൊന്നാണ് യോഗിരാജനായ ശങ്കരൻെറ കൈലാസം

മഹർഷിയുടെ ആശ്രമത്തിൽ ധൃതരാഷ്ട്രർ നിവസിച്ചു വന്നു. അദ്ദേഹമൊന്നിച്ച് സഞ്ജയൻ, ഗാന്ധാരി, കുന്തി എന്നിവരും ഉണ്ടായിരുന്നു.

ഒരുദിവസം അർദ്ധരാത്രിസമയത്തു ധൃതരാഷ്ട്രമഹാരാജാവ് പെട്ടെന്നു കിടക്കയിൽ എഴുന്നേററിരുന്നു. അദ്ദേഹം സഞ്ജയനോടു പറഞ്ഞു:—"സഞ്ജയാ! ദേവിയെ വിളിക്കു."

സഞ്ജയൻ:—മഹാരാജാവേ! അങ്ങു ദിവസേന ഇങ്ങനെയെല്ലാം കാണിച്ചാൽ എന്താണു ചെയ്യുക? അങ്ങു കുറെ ഉറങ്ങണം. പുലരാൻ ഇനിയും വളരെസമയമുണ്ട്.

ധൃതരാഷ്ട്രർ:—സഞ്ജയാ! നിനക്കു വ്യാസഭഗവാൻ വളരെ തവണ ദിവ്യദൃഷ്ടി പ്രദാനംചെയ്തിട്ടുണ്ട്. പക്ഷെ, വ്യഥിതഹൃദയത്തിൻെറ വേദനയുടെ ആഴം അറിയു

വാനുള്ള ശക്തി നിനക്കില്ല. പോയി ദേവിയെ വിളിച്ചുകൊണ്ടുവരൂ.

അധികം താമസിയാതെ ഗാന്ധാരിയും കുന്തിയും ധൃതരാഷ്ട്രൻെറ അടുക്കലേയ്ക്കു വന്നു. അവരുടെ കാലടിയൊച്ച കേട്ടിട്ട് ധൃതരാഷ്ട്രർ വീണ്ടും പറഞ്ഞു:—"ദേവി കുന്തീ, നീ വന്നുവോ? ഇരിക്കൂ"

സഞ്ജയൻ:—മഹാറാണീ! മഹാരാജാവിന്ന് ഉറക്കം വരുന്നില്ല. താങ്കളെ വിളിക്കുകയാണ്. ഈ ആശ്രമത്തിൽ വന്നതിനുശേഷം ഒരു രാത്രിപോലും അദ്ദേഹം ഉറങ്ങീട്ടില്ല. എന്താണു ചെയ്യേണ്ടതെന്ന് എനിക്കൊന്നും തോന്നുന്നില്ല.

ധൃതരാഷ്ട്രർ:—ദേവീ! ഈ സാധുവിന്ന് എന്തറിയാം? എങ്ങനെയാണ് ഉറക്കംവരിക? ഉറക്കം എന്നെ തീരെ ഉപേക്ഷിച്ചിരിക്കുന്നു. സഞ്ജയാ! എൻെറ ഉറക്കവുംകൊണ്ടാണ് ദുര്യോധനൻ പോയതു്. ദുശ്ശാസനനും ഭീമസേനനും ശ്രീകൃഷ്ണനും എന്നെ ഉറങ്ങുവാൻ സമ്മതിക്കുന്നില്ല. ഹസ്തിനപുരിയിലെ രാജധാനിയിൽ ഉറക്കത്തെ വിട്ടുംവെച്ചാണ് ഞാനിങ്ങോട്ടു പോന്നതു്. പതിമൂന്നു കൊല്ലക്കാലം കുന്തീദേവി കണ്ണിൻെറ പോള പലട്ടാതെ കഴിച്ചുകൂട്ടി. പതിമൂന്നു കൊല്ലം വനത്തിൽ ചുററിത്തിരിഞ്ഞതിട്ടാണ് ദ്രൗപദി ജീവിച്ചതു്. അന്നു ഞാൻ കട്ടിലിന്മേൽ കിടന്ന് ഉറങ്ങുകയായിരുന്നു ദാസികൾ വന്നു വിളിക്കുമ്പോൾ മാത്രമേ ഉണരുകയുള്ളു. കുന്തീ! ഇന്ന് ആ ഉറക്കം എൻെറ ബദ്ധശത്രുവായിത്തീർന്നിരിക്കുന്നു.

കുന്തി:—മഹാരാജാവേ! അങ്ങ് അതെല്ലാം മറക്കണം. ജീവിതാവശേഷം തപശ്ചര്യയിൽ കഴിച്ചുകൂട്ടുവാനാണു ശ്രമിക്കേണ്ടതു്. എന്നാൽ അങ്ങയുടെ മനസ്സിനു ശാന്തി ലഭിക്കും.

സഞ്ജയൻ:—മഹാരാജാവേ! അങ്ങ് അധികം ചിന്തിക്കരുത്. ദിവസംപ്രതി അങ്ങയുടെ ശരീരം ദുർബ്ബലമായി വരുന്നു.

ധൃതരാഷ്ട്രർ:—സഞ്ജയാ! നിനക്കു തെററിപ്പോയി. ഈ ശരീരം അത്ര എളുപ്പത്തിൽ നശിക്കുവാൻ പോകുന്നില്ല. മരണം ജീവിതത്തിലുള്ള ഒരു അമൂല്യസംഭവമാണ്. മരണമില്ലെങ്കിൽ ലോകത്തിലുള്ള മനുഷ്യരെല്ലാം ദുഃഖിതരായിത്തീരും. എനിക്കു മരിക്കാൻ കഴിഞ്ഞാൽ ഞാൻ അതൊരു ഭാഗ്യമായി കരുതും. എന്നാൽ ഞാൻ ചെയ്ത ദുഷ്കൎമ്മങ്ങളുടെയെല്ലാം ഫലം അനുഭവിക്കുകതന്നെ വേണമല്ലോ. അതുകൊണ്ടു് എന്നെ മരണത്തിനും വേണ്ട, നിദ്രയ്ക്കും വേണ്ട.

ഗാന്ധാരി:—മഹാരാജാവേ! കുന്തി പറയുന്നതു ശരിയാണ്. അങ്ങ് എല്ലാം മറന്നുകളയണം.

ധൃതരാഷ്ട്രർ:—ഗാന്ധാരീ! മറക്കുവാൻ ഞാൻ വളരെ ശ്രമിച്ചുനോക്കുന്നുണ്ടു്. പക്ഷേ, സാധിക്കുന്നില്ല. എന്റെ ഹൃദയത്തിൽ ഒരു വലിയ പൎവ്വതം ഏററിവെച്ചതുപോലെയുണ്ടു്. കുറെ സംസാരിച്ചിട്ടെങ്കിലും ഈ ഭാരമൊന്നു കുറഞ്ഞാൽ മതിയായിരുന്നു.

ഗാന്ധാരി:—അങ്ങു മനസ്സിന്റെ ഭാരം കുറച്ചുനോക്കണം.

ധൃതരാഷ്ട്രർ കുറച്ചുനേരം മിണ്ടാതിരുന്നു. പിന്നീടു ഞെട്ടിയുണൎന്നതുപോലെ പറയുവാൻ തുടങ്ങി:—"ഗാന്ധാരീ! കുന്തിയെവിടെ?"

ഗാന്ധാരി:—എന്റെ അടുത്തിരിക്കുന്നുണ്ടു്.

കുന്തി:—മഹാരാജാവേ! ഞാൻ ഇവിടെത്തന്നെയുണ്ടല്ലോ; അങ്ങയ്ക്കു് എന്തുവേണം?

ധൃതരാഷ്ട്രർ കുന്തിയുടെനേക്ക് തിരിഞ്ഞു പറഞ്ഞു:— "ദേവീ! കുന്തീ!" പിന്നീട് പെട്ടെന്നു മുട്ടുകുത്തി നമസ്കരിക്കുന്നതുപോലെയിരുന്നു പറഞ്ഞു:—"കുന്തീ! ദുഷ്ടനായ ഈ ധൃതരാഷ്ട്രൻ നിന്നെ നമസ്കരിക്കുന്നു. നിന്നോടും നിൻെറ പുത്രന്മാരോടും ചെയ്ത അനീതികൾക്കു് ഞാൻ മാപ്പുചോദിക്കുന്നു."

കുന്തി സങ്കോചപൂർവ്വം പറഞ്ഞു:—"മഹാരാജാവേ! അങ്ങ് എന്താണു ചെയ്യുന്നതു്? എന്നെ ഇങ്ങനെ ലജ്ജിപ്പിക്കരുതു്. അങ്ങയുടെ പുത്രിയെപ്പോലെയാണു ഞാൻ. അങ്ങയ്ക്കു മാപ്പുതരുവാൻ ഞാനാരാണു്? അങ്ങയ്ക്കും എനിക്കും ലോകത്തിനു മുഴുവനും മാപ്പുനല്കുന്നതു പരമാത്മാവു മാത്രമാണു്. അങ്ങ് അദ്ദേഹത്തോടു മാപ്പിനപേക്ഷിക്കുക. ഞാനും അദ്ദേഹത്തോടാണു ദയാഭിക്ഷ യാചിക്കുന്നതു്."

ധൃതരാഷ്ട്രർ:—മകളേ കുന്തീ! നീ പറഞ്ഞതു യഥാർത്ഥമാണു്. പരമാത്മാവിൻെറ കാരുണ്യവും ക്ഷമയുമാണു് ആവശ്യം. അദ്ദേഹം അനുനിമിഷം കാരുണ്യം വർഷിച്ചുകൊണ്ടിരിക്കുന്നു പക്ഷേ, പാമരനായ എനിക്കു് അതു സ്വീകരിക്കുവാൻ കഴിയുന്നില്ല. കുന്തീ! നിന്നോടു ഞാൻ വലിയ തെററാണു ചെയ്തതു്. അതു സമ്മതിച്ചാലെങ്കിലും പരമാത്മാവിൻെറ കാരുണ്യവർഷത്തിൻെറ ഒരു ബിന്ദുവെങ്കിലും എൻെറ ഹൃദയത്തിൽ പതിച്ചെങ്കിലോ എന്ന ആശകൊണ്ടാണു് ഞാൻ നിന്നോടു മാപ്പിന്നപേക്ഷിക്കുന്നതു്.

പിന്നീടദ്ദേഹം സഞ്ജയനോടു് ഇങ്ങനെ പറഞ്ഞു:— "ഒരിക്കൽ നമ്മൾ ഗംഗാസ്നാനംചെയ്തു് മടങ്ങുന്ന അവസരത്തിൽ വയലിൽ കാണപ്പെട്ട കിണററിനെക്കുറിച്ചു് നീ എന്നോടു പറയുകയുണ്ടായി. പുറമേനിന്നു നോക്കിയാൽ അതു് വയലാണെന്നേ തോന്നൂ. പുല്ലു് ധാരാളമായി അതി

No. 1138

ൻെറമീതെ മുളച്ചുവളൎന്നിരുന്നു. എന്നാൽ യഥാൎത്ഥത്തിൽ ഇരുളടഞ്ഞതും അഗാധവുമായ ഒന്നായിരുന്നു അതു്. അറിവില്ലാത്ത പലരും അങ്ങനെയുള്ള കിണററിൽ ചാടി മരിക്കാറുണ്ടു്. കുന്തീ! ഞാനും അത്തരത്തിൽപ്പെട്ട അദൃശ്യമായ ഒരു കൂപമാണു്. വിചിത്രവീര്യൻെറ പുത്രനും പാണ്ഡുവിൻെറ സഹോദരനും നിൻെറ ജ്യേഷ്ഠനും യുധിഷ്ഠിരൻെറ വലിയച്ഛനും ഗുണകാംക്ഷിയും നിങ്ങൾക്കെല്ലാവൎക്കും താങ്ങുംതണലുമായുള്ളവനുമാണു് ഞാൻ. എന്നാൽ ഇതെല്ലാംതന്നെ പുറമേയ്ക്കു് പച്ചപിടിച്ചു കാണപ്പെടുന്നതും കാററത്തുലയുന്നതുമായ ആ പുല്ലുകളെപ്പോലെയാണു്. യഥാർത്ഥത്തിൽ ഞാൻ ദുര്യോധനൻെറ പിതാവും പാണ്ഡവന്മാരുടെ ബദ്ധശത്രുവുമാണു്. പുറമേയ്ക്കു് ഗുണകാംക്ഷിയാണെന്നു നടിച്ചു് ഞാൻ നിൻെറ പുത്രന്മാരെ കഴിയുന്നേടത്തോളം ദ്രോഹിച്ചു. ഈ വസ്തുത ഇന്നു് എന്നെ നീററിക്കൊണ്ടിരിക്കുകയാണു്."

കുന്തി:—മഹാരാജാവേ! അങ്ങു് സമാധാനമായിരിക്കൂ. ഞങ്ങളെല്ലാവരും മനുഷ്യർതന്നെയാണു്. ഇങ്ങനെയെല്ലാം വന്നുചേൎന്നു എന്നു മാത്രം. അങ്ങു് ഇങ്ങനെ ക്ഷോഭിക്കരുതു്.

ധൃതരാഷ്ട്രർ:—കുന്തീ! എന്നെ തടസ്സപ്പെടുത്തരുതു്. എൻെറ മനസ്സിൻെറ ഭാരത്തെ ഞാനൊന്നു് ലഘൂകരിക്കട്ടെ!.......ഇതിനെ ദൂരീകരിച്ചല്ലാതെ എനിക്കു സമാധാനം കിട്ടുകയില്ല. പുറമേയ്ക്കു് നല്ലവാക്കുകൾ പറഞ്ഞു ലോകത്തിൻെറ മുമ്പിൽ നന്നായിത്തീരുവാനും എന്നാൽ ഉള്ളിൽ ദുഷ്ടത വളൎത്തുവാനുംവേണ്ടിയാണു് ജീവിതം മുഴുവൻ ഞാൻ പ്രയത്നിച്ചതു്. കുന്തീ! നിൻെറ പുത്രന്മാരെ നശിപ്പിക്കുവാൻവേണ്ടി ആസൂത്രണംചെയ്യപ്പെട്ട പദ്ധതികളെ ഞാൻ പ്രോത്സാഹിപ്പിച്ചു. അവയ്ക്കു് ശാസ്ത്രീയമായ വ്യാഖ്യാ

നം നൽകുവാൻ ശ്രമിച്ചു് അവയെ ന്യായീകരിച്ചു. അത്രയ്ക്കു് കപടപൂർണ്ണമായതായിരുന്നു എന്റെ ജീവിതം.

കുന്തി:—മഹാരാജാവേ! നമ്മുടെ എല്ലാവരുടെ ജീവിതത്തിലും ഇത്തരം കാപട്യങ്ങൾ കാണാവുന്നതാണു്. പരമാത്മാവിനോടു നമ്മളെല്ലാം തെററു ചെയ്യുന്നുണ്ടു്.

ധൃതരാഷ്ട്രർ:—എന്നാൽ ഗാന്ധാരിയുടെ ജീവിതം മുഴുവനും പരിശോധിച്ചാൽ ഇത്തരത്തിലുള്ള ഒരു സംഭവംപോലും കാണുക സാദ്ധ്യമല്ല. അഥവാ അങ്ങനെ വല്ലതും സംഭവിച്ചിട്ടുണ്ടെങ്കിൽതന്നെ അതു് എന്റെ സംസർഗ്ഗംകൊണ്ടു് ഉണ്ടായതുമാണു്. മനുഷ്യനു് ഏറെക്കുറെ ഇരട്ടത്താപ്പുമനോഭാവം ഉണ്ടാവുമെന്നു് ഞാൻ സമ്മതിക്കാം. പക്ഷെ, അറിഞ്ഞുംകൊണ്ടായിരിക്കുകയില്ല അതിനെ വെച്ചുപുലർത്തുന്നതു്. താൻ പറയുന്നതുപോലെ പ്രവർത്തിക്കുന്നുണ്ടോ എന്നും താൻ ചെയ്യുന്നതും വിചാരിക്കുന്നതും ഒന്നാണോ എന്നും വിചാരത്തിന്നനുസരിച്ചാണോ താൻ സംസാരിക്കാറുള്ളതു് എന്നും മററും കണ്ടുപിടിക്കുക എന്നതു് സാധാരണക്കാരനായ ഒരു മനുഷ്യനെ സംബന്ധിച്ചേടത്തോളം ദുഷ്കരമായ ഒരു പ്രവൃത്തിയാണു്. അതുകൊണ്ടാണു് മനുഷ്യനു ദുഃഖമനുഭവിക്കേണ്ടിവരുന്നതു്. എന്നാൽ എന്റെ കാര്യം അങ്ങനെയല്ല. ഞാൻ ഹസ്തിനപുരിയിലെ രാജാവാണു്. ഒരു സാധാരണക്കാരൻ ചെയ്യാൻ പാടില്ലാത്ത ഒരു പ്രവൃത്തി ചെയ്യുകയാണെങ്കിൽപോലും സമുദായത്തിൽ വലിയ പ്രത്യാഘാതമൊന്നും ഉണ്ടാവാൻ പോകുന്നില്ല. പക്ഷെ, ഞാനിരിക്കുന്നതു് സമുദായത്തിന്റെ ശിഖരത്തിലാണു്. ഞാൻ ചെയ്യുന്ന

ഓരോ പ്രവൃത്തിയും സമുദായത്തിൽ വലിയ കോളിള ക്കങ്ങൾ സൃഷ്ടിക്കും. അതിൻെറ ഫലം വളരെപ്പേക്ക് അനുഭവിക്കേണ്ടതായി വരികയുംചെയ്യും. എന്നാൽ അജ്ഞാനിയായ ഒരു മനുഷ്യനാണ് അത്തരത്തി ലുള്ള ഒരു ജീവിതം നയിക്കുന്നതെങ്കിൽ അതു പൊറു ക്കാം. എൻെറ കാര്യം അതല്ല. പക്ഷേ, രാജാക്ക ന്മാരായ ഞങ്ങൾക്ക് ഇരട്ടത്താപ്പുമനോഭാവം വെച്ചു പുലത്തുവാൻ ആവശ്യമായ പരിശീലനമാണ് ലഭി ക്കുന്നത്. ഇന്നുള്ള ഒരു രാജാവ് രണ്ടു ജീവിതം നയിക്കുന്നവനും ദരിദ്രന്മാരെ ചൂഷണംചെയ്യുന്നവനും എന്നാൽ മധുരവാക്കുകൾ പറഞ്ഞു് അവരുടെ മന സ്സിനെ തണുപ്പിക്കുവാൻ പ്രയത്നിക്കുന്നവനുമാണ്. അന്യരുടെ സവ്വസ്വവും കൊള്ളയടിക്കുവാനും അതു മനുഷ്യസമുദായത്തിൻെറ നന്മയ്ക്കാണെന്നു പ്രഖ്യാപി ക്കുവാനും മനസ്സിൽ വധിക്കണമെന്ന ആഗ്രഹം വെച്ചുകൊണ്ട് പുറമേയ്ക്കു നല്ലവാക്കുകൾ പറഞ്ഞു സ്വാഗതംചെയ്യുവാനും കഴിവുള്ളവരാണ് രാജാക്ക ന്മാർ എന്നു പറയപ്പെടുന്നു. ഇത്തരം പരിശീലന മാണത്രേ അവക്ക് ആവശ്യമായിട്ടുള്ളത്. ഇത്തരം വിഷയങ്ങളിൽ ഏററവും സമത്ഥനായ ആൾക്ക് രാജാക്കന്മാരുടെ ഇടയിൽ പ്രഥമസ്ഥാനം ലഭിക്കുന്നു. ഞാനും ഇത്തരത്തിൽപ്പെട്ട ഒരു രാജാവായി. അതു കൊണ്ടാണ് എനിക്ക് ഇന്ന് ഈ ദയനീയസ്ഥിതി വന്നുചേന്നതു്. ഇന്നു നമ്മൾ സമുദായത്തിൽനിന്ന് വളരെയകലെ ഈ ആശ്രമത്തിലാണു താമസിക്കുന്ന തു്. ഇവിടെനിന്ന് എൻെറ ശബ്ദത്തിന് ലോകം മുഴുവൻ വ്യാപിക്കുവാനുള്ള ശക്തിയുണ്ടായിരുന്നെ ങ്കിൽ രാജാവായിത്തീരുക എന്നതിൻെറ അത്ഥം മനുഷ്യത്വത്തെ ത്യജിക്കുക എന്നതാണെന്ന് ഞാൻ ലോകത്തോടു പ്രഖ്യാപിക്കുമായിരുന്നു. എൻെറ ജീവി

തം മുഴുവനും ഞാൻ അപ്രകാരമാണ് കഴിച്ചുകൂട്ടി യത്. അത് തുറന്നു സമ്മതിക്കുവാൻ എനിക്കു മടി യില്ല. മാത്രമല്ല അങ്ങനെ ചെയ്യുമ്പോൾ എൻെറ ഹൃദയത്തിൻെറ ഭാരം കുറച്ചു ലഘൂകരിക്കപ്പെടുന്നു മുണ്ട്.

കുന്തി:—മഹാരാജാവേ! അങ്ങയുടെ ഹൃദയത്തിൻെറ ഭാരം ലഘൂകരിക്കപ്പെടട്ടെ എന്ന ഒരു പ്രാർത്ഥന മാത്രമാ ണ് എനിക്കുള്ളത്.

ഗാന്ധാരി:—മഹാരാജാവേ! ഇന്ന് അങ്ങയ്ക്കു ശരിയായ മാർഗ്ഗം കാണുവാൻ സാധിച്ചിരിക്കുന്നു. അങ്ങയുടെ ഹൃദയം വളരെ പരിശുദ്ധമായിത്തീർന്നിട്ടുണ്ട്. ഇതു കാണുമ്പോൾ എനിക്കു വളരെ സന്തോഷംതോന്നുന്നു.

ധൃതരാഷ്ട്രർ:—ദേവീ! സഞ്ജയാ! ഇനിയും വളരെയധികം പറയുവാനുണ്ട്. പക്ഷേ, വാക്കുകൾ കിട്ടുന്നില്ല. ആരോ എന്നെ തടയുന്നതുപോലെ തോന്നുന്നു. കുന്തീ! ഞാൻ പറയുന്നതു വിശ്വസിക്കുമോ? നിൻെറ പുത്ര ന്മാർ കുരുക്ഷേത്രത്തിൽനിന്നു മടങ്ങിവരികയും യുധി ഷ്ഠിരൻ എൻെറ കാല്ക്കൽ വീഴുകയും ചെയ്തപ്പോൾ എനിക്ക് എത്രമാത്രമാണ് വേദനയുണ്ടായതെന്നു നിനക്കു മനസ്സിലാക്കാൻ കഴിയുകയില്ല. പിന്നീട് ഞാൻ രാജധാനിയിൽ കഴിച്ചുകൂട്ടിയത് എങ്ങനെ യാണെന്ന് എനിക്കുതന്നെ അറിഞ്ഞുകൂടാ. ഹസ്തിന പുരിയിൽ എനിക്ക് അസഹ്യമായ ഉഷ്ണം തോന്നി. അതുകൊണ്ടാണ് വനത്തിലെ സ്വച്ഛന്ദമായ വായു ശ്വസിച്ച് ജീവിക്കുവാൻവേണ്ടി ഞാൻ ഇങ്ങോട്ടു പോന്നത്.

കുന്തി:—ഇങ്ങിനെയുള്ള തപോവനങ്ങളുടെ പരിശുദ്ധ മായ അന്തരീക്ഷത്തിൽ മനുഷ്യഹൃദയത്തിന് ശാ ന്തി ലഭിക്കുന്നു.

ധൃതരാഷ്ട്രർ:—കുന്തീ! അതു് നിന്റെ തെററിദ്ധാരണയാണു്. ഇവിടെ വന്നപ്പോഴം എന്റെ ദുഃഖം അധികരിക്കുകയാണു ചെയ്തതു്. ഈ ആശ്രമത്തിലെ ശാന്തമായ അന്തരീക്ഷത്തിൽവച്ചാണു് എന്റെ പഴയ ദുഷ്കൃമ്മങ്ങൾ എന്നെ ആക്രമിക്കുന്നതു്. സഹിക്കാൻവയ്യാത്ത വേദനയാണു് അതുനിമിത്തം എനിക്കുണ്ടാവുന്നതു്. ഇവിടുത്തെ ശാന്തി നിങ്ങൾക്കെല്ലാം നല്ലതായി തോന്നുന്നുണ്ടായിരിക്കാം. എന്നാൽ എനിക്കു് ഭയമാണു് തോന്നുന്നതു്. ഇവിടെ വന്നതിന്റെ പിറേറദിവസംതന്നെ ഇതിലും ഭേദം ഹസ്തിനപുരിയാണെന്നു് എനിക്കു തോന്നിക്കഴിഞ്ഞു. ഇവിടെ വന്നതിനുശേഷമാണു് എന്റെ മനസ്സ് തീരെ കെട്ടുപോയതു്. അതു് എന്നെ വിഴുങ്ങുവാൻ ഭാവിക്കുന്നു. മഹർഷിമാർ ഇത്തരം ശാന്തമായ ഒരന്തരീക്ഷത്തിൽ എങ്ങനെയാണു് കഴിച്ചുകൂട്ടുന്നതു്? ഗാന്ധാരീ! സത്യമാണു് ഞാൻ പറയുന്നതു്. ജീവിതം മുഴുവൻ ഞാൻ ചെയ്ത പ്രവൃത്തികളും എന്റെ മനസ്സിലുണ്ടായിരുന്ന വിചാരങ്ങളും ഏററവും നന്നായി ഓർമ്മവരുന്നതു് ഇപ്പോഴാണു്. എന്നാൽ തീരെ വിസ്മൃതകോടിയിൽ തള്ളപ്പെട്ട പ്രവൃത്തികളും വിചാരങ്ങളുംകൂടി സുവ്യക്തമായ രൂപംപൂണ്ടു് എന്റെ മുമ്പിൽ വന്നു നിൽക്കുകയും അവയുടെ ജനയിതാവ് ഞാനാണെന്നു് എന്നെ ഓമ്മിപ്പിക്കുകയും ചെയ്യുമ്പോഴാണു് എന്റെ മനസ്സ് പതറിപ്പോകുന്നതു്. ദേവീ! എനിക്കു് എവിടേക്കെങ്കിലും ഓടിപ്പോകുവാൻ തോന്നുന്നു. ചിലപ്പോൾ ഗംഗയിൽ മുങ്ങിമരിച്ചാലെന്താണു് എന്നു തോന്നിപ്പോകുന്നു. ഇതിൽനിന്നെല്ലാം ഒരു മോചനം കിട്ടുമല്ലോ. എന്നാൽ മനസ്സിനെ ആരോ തടയുന്നു.

കുന്തീ! നിന്നോട് ഹൃദയം തുറന്നു സംസാരിച്ചാലെങ്കിലും മനസ്സിന് ഒരു സമാധാനം കിട്ടിയെങ്കിൽ എന്ന് ഞാൻ ആശിക്കുകയാണ്. ഞാൻ രണ്ടു വാക്കുപറയാം. നീ എന്നെ ഒരു പാപിയായി കരുതേണ്ട; ഒരു ധൂർത്തനാണെന്നു കരുതി എന്നെ അവഗണിക്കുകയും വേണ്ട. പാമരനും സ്വാർത്ഥിയുമായി കണക്കാക്കി എന്നെ നിന്ദിക്കുവാൻ നീ ഒരുങ്ങരുത്. ഞാൻ ആരെല്ലാമായിരുന്നാലും നിന്റെ കാരുണ്യത്തെ ആശ്രയിക്കുന്ന ഒരാളാണ്. എന്നെ ഉപേക്ഷിക്കരുത്. കുന്തീ! ഹസ്തിനപുരിയിലെ പ്രജാസംരക്ഷകനായ എനിക്ക് ഇന്ന് നിന്റെ മടിയിൽ തലവച്ചു കരയുവാൻ തോന്നുന്നു.

മംഗള കുന്തീ! ജീവിതത്തിലെ പല സംഭവങ്ങളും ഇന്ന് എന്റെ മുമ്പിൽ വന്നു നിൽക്കുകയാണ്. അവ ഓരോന്നും പ്രത്യേകം പ്രത്യേകം എന്റെ സ്മൃതിപടലത്തിൽ തെളിഞ്ഞു കാണുന്നുണ്ട്.

സഞ്ജയാ! കേൾക്കൂ. പാണ്ഡു, വനത്തിൽ താമസിക്കുകയായിരുന്നു. ഒരു ദിവസം രാവിലെ ചില വനവാസികൾ ഹസ്തിനപുരിയിൽ വന്നു. കുന്തിയും പാണ്ഡവന്മാരും അവരൊന്നിച്ചുണ്ടായിരുന്നു. മഹർഷിമാർ ഭീഷ്മപിതാമഹനോട് പാണ്ഡു ഇഹലോകവാസം വെടിഞ്ഞതായി അറിയിച്ചു. അഞ്ചു കുട്ടികളെയും ഭീഷ്മന്റെ കൈയിൽ ഏല്പിച്ച് അവർ പോയി. കുന്തീ! അന്നു ഞാൻ ഉറക്കെ കരഞ്ഞതു് നീ ഓർക്കുന്നുണ്ടോ? നീ അത്യന്തം ദുഃഖിതയായിരുന്നു. അതുകൊണ്ട് നിനക്ക് ഓർമ്മയുണ്ടാവില്ല. ഞാൻ വളരെ ഉച്ചത്തിൽ കരഞ്ഞു. എന്തോ കഠിനമായ ഒരാപത്തു പറ്റിയതുപോലെ. എന്നാൽ കുന്തീ! സത്യം പറയട്ടെ. എന്റെ കണ്ണുകൾ നനഞ്ഞിരുന്നുവെങ്കിലും ഹൃദയം തുള്ളിക്കുകയാണുണ്ടായതു്. പാണ്ഡു മരിച്ചതിനുശേഷം ഞാൻ ഹസ്തിനപുരിയിലെ നാഥനായി. ഹസ്തിനപുരിയിലെ സിംഹാസനത്തിനുള്ള ദുര്യോധനന്റെ അവകാശം സുരക്ഷിത

മായി. ഗാന്ധാരീ! സഹോദരനായ പാണ്ഡു മുമ്പിൽനിന്നു ചിരിക്കുന്നതായി എനിക്കു തോന്നുന്നു. അതെ— പാണ്ഡു പോയി. വിലയും നിലയും ഉണ്ടാക്കിത്തന്നിരുന്നവരെല്ലാം പോയി. ഞാൻ അത്യധികം കൊതിച്ചിരുന്ന ആ രാജ്യവും നഷ്ടപ്പെട്ടു. അസാധാരണമായി സ്നേഹിച്ച പുത്രനും എന്നെ വിട്ടുപോയി. ദുഃഖിച്ചുദുഃഖിച്ച് ഹൃദയം തഴമ്പിച്ചു. എന്നാൽ എൻെറ ജീവിതമാകുന്ന പുസ്തകത്തിൽ അവശേഷിച്ചുകിടക്കുന്നതു് കാപട്യം ഒന്നുമാത്രമാണു്. എത്ര മായ്ച്ചാലും അതു് മായുന്നില്ല. ഇത്രകാലവും ഗംഗാസ്നാനം ചെയ്തു, തപസ്സുചെയ്തു. എന്നാൽ ഇതുകൊണ്ടൊന്നും മനസ്സിലെ ചളി നീങ്ങിയില്ല. കള്ളക്കരച്ചിൽകൊണ്ടു് ജനങ്ങളുടെ കണ്ണിൽ പൊടിയിടാമെന്നു ഞാൻ കരുതി. എന്നാൽ അന്യരെ വഴിപിഴപ്പിക്കുവാൻ വിചാരിക്കുന്നവർ അങ്ങനെ ചെയ്യുന്നതിനു മുമ്പായി അവനവനെത്തന്നെയാണു് വഴിപിഴപ്പിക്കുന്നതു് എന്ന യാഥാർത്ഥ്യം മനസ്സിലാക്കുവാൻ അന്നെനിക്കു ബുദ്ധിയുണ്ടായിരുന്നില്ല കുന്തി! ധൃതരാഷ്ട്രൻെറ ജീവിതം ആരംഭിക്കുന്നതു് അന്നുമുതൽക്കാണു്.

## അന്ധമായ പുത്രസ്നേഹം

ധൃതരാഷ്ട്രർ പറഞ്ഞു:—"കുന്തീ! നീയും പാണ്ഡവന്മാരുംകൂടി ഹസ്തിനപുരിയിൽ താമസിക്കുവാൻ തുടങ്ങി. പാണ്ഡുവിൻെറയും എൻെറയും പുത്രന്മാർ പിതാമഹൻെറ മേൽനോട്ടത്തിൽ വളൎന്നുവന്നു. പിതാമഹൻ കൃപാചാര്യരേയും ദ്രോണാചാര്യരേയും താമസിപ്പിച്ചു കുട്ടികൾക്കുവേണ്ട വിദ്യാഭ്യാസം നൽകുന്നതിനുള്ള ഏർപ്പാടുചെയ്തു. പാണ്ഡവന്മാരും കൗരവന്മാരും എന്നെ ഒരുപോലെ സ്നേഹിച്ചു. എന്നാൽ എനിക്കാകട്ടെ, വളരെ മുമ്പുതന്നെ കൗരവ

ന്മാരോട്ട് ഒരു പ്രത്യേകതയുണ്ടായിരുന്നു. പാണ്ഡവന്മാരെ ഞാൻ ഇഷ്ടപ്പെട്ടില്ല. ദുര്യോധനൻ എല്ലാ കാര്യത്തിലും മുമ്പനായി കാണണമെന്ന ആഗ്രഹത്തോടുകൂടിയായിരുന്നു ഞാൻ പ്രവർത്തിച്ചിരുന്നത്. ദുര്യോധനൻെറ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നു ഞാൻ ദ്രോണാചാര്യനോട്ട് എപ്പോഴും ആവശ്യപ്പെടാറുണ്ട്. രാജകുമാരന്മാരെല്ലാം നദീതീരത്തു കളിക്കുവാൻ പോയാൽ ദുര്യോധനൻ എല്ലാവരേയും തോല്പിച്ചു എന്ന വർത്തമാനം കിട്ടുന്നതിനായി ഞാൻ അത്യധികം ആശിച്ചിരുന്നു. അതെല്ലാം ഇപ്പോൾ എനിക്കു വ്യക്തമായി ഓർമ്മവരികയാണ്. അന്ന് ഇങ്ങനെയെല്ലാം ചെയ്തിരുന്നുവെങ്കിലും എനിക്ക് ഒന്നും ഓർമ്മയുണ്ടായിരുന്നില്ല. ഗാന്ധാരീ! ദുര്യോധനൻെറ ദുഃസ്വഭാവം കണ്ടിട്ട് സഹിക്കവയ്യാതെ അവനെ ഉപേക്ഷിക്കണമെന്ന് നീ എന്നോട്ട് പലപ്പോഴും ആവശ്യപ്പെട്ടിട്ടുണ്ട്. അതു നിനക്കോർമ്മയുണ്ടോ? പക്ഷേ, ഞാൻ അവനെ ഉപേക്ഷിച്ചില്ല. യഥാർത്ഥദുഷ്ടൻ ഞാനായിരുന്നു. ദുര്യോധനൻെറ ദുഃസ്വഭാവം എൻെറ ദുഃസ്വഭാവത്തിൻെറ പ്രതിബിംബം മാത്രമായിരുന്നു. എൻെറ ദോഷങ്ങളെ ഏററവും സാമർത്ഥ്യത്തോടുകൂടിയായിരുന്നു ഞാൻ മൂടിവച്ചിരുന്നത്. എന്നാൽ അതു ഒരു സാമർത്ഥ്യമായിക്കരുതുന്നതു് വമ്പിച്ച വിഡ്ഢിത്തമാണു്. നമ്മുടെ ദോഷങ്ങൾ ഓരോ രോമകൂപത്തിൽനിന്നും അവയുടെ തല പുറത്തേയ്ക്കു കാണിക്കും. മാത്രമല്ല, സാംക്രമികരോഗാണുക്കളെപ്പോലെ അവ നമ്മുടെ സന്താനങ്ങളെ പിടികൂടുകയും ചെയ്യും. ദുര്യോധനൻ എത്ര ദുഃസ്വഭാവിയായിരുന്നാലും ഗാന്ധാരിയാണ് അവനെ വളർത്തിയതു്. അതുകൊണ്ട് അവൻ തൻെറ ചീത്തത്തങ്ങളെല്ലാം പരസ്യമായി പ്രകടിപ്പിച്ചിരുന്നു. അതിനൊരു മാന്യതയുണ്ട്. അവൻെറ ദുഃസ്വഭാവത്തിനു ഗാന്ധാരിയുടെ നിർഭയത്വം ഉണ്ടായിരുന്നു. എന്നാൽ, ഞാനാകട്ടെ ഒളിഞ്ഞിരിക്കുന്ന ഒരു ദുഃസ്വഭാവിയായിരുന്നു. ദുഷ്ടപ്രവൃ

ത്തികൾ ചെയ്യാൻ എനിക്കിഷ്ടമാണ്. പക്ഷേ, പരസ്യമായി അങ്ങനെ ചെയ്യുന്നതിനുള്ള ധൈര്യമുണ്ടായിരുന്നില്ല. എന്റെ ദുഃസ്വഭാവത്തെ ആരും അറിയരുതെന്നു കരുതി ഞാൻ അതിനെ ഹൃദയത്തിന്റെ അഗാധതലത്തിൽ സൂക്ഷിച്ചുവെച്ചു. ഒരുപക്ഷെ, അതുകൊണ്ടായിരിക്കാം ഇന്നും അതിനു പുറത്തുചാട്ടുവാൻ ഇത്രയധികം സങ്കോചമുണ്ടാകുന്നതു്." പൂർവ്വകാലത്തിൽ ഞാനൊരു പഠിച്ച കള്ളനായിരുന്നു."

സഞ്ജയൻ:—മഹാരാജാവേ! അന്ധമായ പുത്രസ്നേഹംകൊണ്ടാണ് അങ്ങയ്ക്കു ദുര്യോധനനെ ശാസിക്കുവാൻ സാധിക്കാത്തതു് എന്നു് ഞങ്ങൾക്കെല്ലാവർക്കും അറിയാം.

ധൃതരാഷ്ട്രർ:—അതു മാത്രമായിരുന്നില്ല. ഭീമസേനനു് ദുര്യോധനൻ മധുരപലഹാരത്തിൽ വിഷം കലർത്തി കൊടുത്തപ്പോൾ എനിക്കു വളരെ വേദന തോന്നി. ആ വിവരം എനിക്കു കിട്ടിയ ഉടനെ ഞാൻ ദുര്യോധനനെ ഒററയ്ക്കു വിളിച്ചു വളരെ ശകാരിച്ചു. എന്നാൽ എന്റെ ശകാരത്തിനു് എത്രമാത്രം വിലയുണ്ടെന്നു് ഞാൻ മനസ്സിലാക്കിയിരുന്നില്ല. ദുര്യോധനൻ മനസ്സിലാക്കുകയുംചെയ്തു. അന്നു നല്ല പ്രവൃത്തികൾ നല്ലതായും ചീത്ത പ്രവൃത്തികൾ ചീത്തയായും എനിക്കു തോന്നാറുണ്ടായിരുന്നു. എന്നാൽ നല്ല പ്രവൃത്തികൾ നല്ലതുതന്നെയാണോ എന്ന കാര്യത്തിൽ ശങ്കയുമുണ്ടായിരുന്നു. അതുകൊണ്ടു് നന്മചെയ്യണമെന്നു ഞാൻ ആഗ്രഹിച്ചതുമില്ല. തൽഫലമായി എന്റെ ദുഷ്ടസ്വഭാവം പുഷ്ടിപ്പെട്ടുവരുവാൻ തുടങ്ങി. കുന്തീ! മുമ്പുകഴിഞ്ഞ കാര്യങ്ങളെല്ലാം എന്തിനു പറയുന്നു? ഇന്നലെ കഴിഞ്ഞ കാര്യം പറയാം. ദുര്യോധനനെ യുദ്ധത്തിൽനിന്നു വിരമിപ്പിക്കണമെന്നു് എല്ലാവരും എന്നോടു

പറഞ്ഞു. എനിക്കു വേണമെങ്കിൽ അവനെ തടയുകയും ചെയ്യാമായിരുന്നു. എന്നാൽ യാതൊന്നിലും വിശ്വസിക്കുവാൻ എൻെറ മനസ്സു തയ്യാറുണ്ടായിരുന്നില്ല. ജീവിതത്തെ മുഴുവൻ ഞാൻ വിധിക്കു കൊടുത്തു; ഒരു ചൂതുകളിക്കാരനെപ്പോലെ. ജീവിതം കൊണ്ടുള്ള ചൂതുകളി ഒരു മനുഷ്യനെ എങ്ങനെയാണു നശിപ്പിക്കുന്നതെന്നു കാണണമെങ്കിൽ ധൃതരാഷ്ട്രൻെറ അടുത്തു വന്നു് ആയാളുടെ ഹൃദയമൊന്നു തുറന്നു നോക്കട്ടെ.

കുന്തീ! ഞാൻ വിഷയത്തിൽനിന്നു വ്യതിചലിച്ചു പോകുകയാണു്. പുരോചനൻെറ സ്മരണ പുറത്തേയ്ക്കു ചാടുന്നു. കുന്തിയോടു് എനിക്കു പറയുവാനുള്ളതു് അതാണു്. എന്നാൽ ആ ദുഷ്ടൻ ഇപ്പോഴും എൻെറ പിന്നിൽനിന്നു് ഒഴിയുന്നില്ല. കുന്തീ! നിങ്ങളെയെല്ലാം വാരണാവതത്തിൽ നിർമ്മിച്ച ഒരു ഗൃഹത്തിലേയ്ക്കു് അയച്ചതായി ഓർക്കുന്നുണ്ടോ? അക്കാലത്തുണ്ടായ കാര്യങ്ങളാണു് പറയുന്നതു്. ദ്രോണാചാര്യൻെറ കലാവിദ്യയിൽ പാണ്ഡവന്മാർ എൻെറ പുത്രന്മാരെക്കാൾ സമർത്ഥരായിത്തീർന്നു. എനിക്കതു സഹിക്കുവാൻ കഴിഞ്ഞില്ല. എൻെറ പുത്രന്മാർ പാണ്ഡവന്മാരെ ഏതെങ്കിലും വിധത്തിൽ നശിപ്പിക്കണമെന്നു നിശ്ചയിച്ചു. പാണ്ഡവന്മാരെ വാരണാവതത്തിലേയ്ക്കു് അയയ്ക്കണമെന്നു് അവർ എന്നോടു് ആവശ്യപ്പെടുകയും ചെയ്തു. യഥാർത്ഥം പറയട്ടെ, ഇതിൻെറ പിന്നിലുള്ള ഉദ്ദേശമെന്തെന്നു് എനിക്കറിയുവാൻ സാധിച്ചിരുന്നു. എന്നാൽ രാജാക്കന്മാരായ ഞങ്ങൾക്കു് ഇത്തരം പദ്ധതികളെല്ലാം അഭ്യർത്ഥനകളായി പരിഗണിക്കാം. ഒരു സദസ്സിൽവെച്ചു് ഞങ്ങൾക്കു് അതിനെപ്പററി യാതൊരറിവുമുണ്ടായിരുന്നില്ലെന്നു പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്യാം. പാണ്ഡവന്മാർ തെയ്യാറായി. നിങ്ങളെല്ലാം എൻെറ അടുക്കൽ വിടചോദിക്കുവാൻ വന്നു.

ഞാൻ കണ്ണിൽ വെള്ളംനിറച്ചുകൊണ്ടാണു് നിങ്ങളെ യാത്രയയച്ചതു്. വിദുരൻ മുങ്ങിച്ചാകാൻപോകുന്ന എന്റെ ആത്മാവിനെ കരകയററുവാൻവേണ്ടി എത്ര പരിശ്രമിച്ചു. അതാലോചിക്കുമ്പോൾ അടുത്ത ജന്മത്തിലെങ്കിലും ആയാളുടെ ഒരു ബന്ധുവായിത്തീൎന്നു് ജീവിതം മുഴുവൻ ആയാളെ സേവിച്ചുകൊണ്ടു കട്ടിച്ചുക്രട്ടുവാൻ സംഗതിയായെങ്കിൽ എന്നാശിക്കുകയാണു്. ഞാനും വിദുരനും പാണ്ഡുവും മൂന്നു സഹോദരന്മാരായിരുന്നു. പാണ്ഡു സ്വൎഗ്ഗം പൂകി. എന്റെ വൈഭവത്തെ പങ്കിടുവാൻ വിദുരൻ തയ്യാറായില്ല. മാത്രമല്ല, പല ആപത്തുകളിൽനിന്നും അയാൾ എന്നെ രക്ഷിച്ചിട്ടുമുണ്ടു്. കുന്തീ! നിങ്ങളെ പറഞ്ഞയയ്ക്കുന്ന അവസരത്തിൽ വിദുരൻ എന്നെ തടഞ്ഞിരുന്നു. എന്റെ പുത്രന്മാരുടെ ഉദ്ദേശത്തെപ്പററി ആയാൾക്കറിവു കിട്ടിയിരുന്നു. എന്നാൽ ഞാൻ നിങ്ങളെ അയയ്ക്കുക തന്നെ ചെയ്തു. അല്പം ദിവസങ്ങൾക്കുള്ളിൽ വാരണാവതത്തിലെ പുതിയ കൊട്ടാരം കത്തിപ്പോയെന്നും അതിൽ നിങ്ങൾ ആറുപേരും വെന്തുമരിച്ചുവെന്നും വിവരം കിട്ടി. ആ വൎത്തമാനം കേട്ടപ്പോൾ ഞാൻ കരഞ്ഞു. എന്റെ പുത്രന്മാർ കരഞ്ഞു. ശകുനിയും ഗാന്ധാരിയും ഹസ്തിനപുരിയിലെ പ്രജകൾ മുഴുവനും കരഞ്ഞുപോയി. എന്നാൽ ഞാൻ കരഞ്ഞതു് ലോകത്തെ ബോധിപ്പിക്കാൻവേണ്ടിയായിരുന്നു. അതു് എന്റെ അവസാനത്തെ കള്ളക്കരച്ചിൽ ആയിരുന്നുവെന്നാണു് ഞാൻ കരുതുന്നതു്. ഹസ്തിനപുരിയിലെ ജനങ്ങൾക്കു് ഞങ്ങളുടെ പേരിൽ സംശയമുണ്ടായി. എന്നാൽ വളരെ ദൂരെ വാരണാവതത്തിൽവെച്ചാണു് സംഭവം നടന്നതു്. അതുകൊണ്ടു് അവരുടെ സംശയത്തിനു് ഉത്തേജനം ലഭിക്കാതെപോയി. ക്രമേണ ആളുകൾ എല്ലാം മറന്നു. പാണ്ഡവന്മാരിൽനിന്നുള്ള ശല്യം തീൎന്നുകൊണ്ടു് എന്റെ പുത്രന്മാർ തികച്ചും നിശ്ചിന്തരായി. ഇനി ലോകത്തെ ബോധിപ്പിക്കുവാൻവേണ്ടി ഒന്നും ചെയ്യാ

നില്ലല്ലോ എന്നു കരുതി ഞാനും സമാധാനിച്ചു. ജീവിതാവശേഷം അങ്ങനെ സൈ്വരമായി കഴിച്ചുകൂട്ടാം എന്നു വിശ്വസിച്ചു. കുന്തി! കുറച്ചുദിവസം സമാധാനത്തോടും സന്തോഷത്തോടുംകൂടി അങ്ങനെ കഴിഞ്ഞു. ഹൃദയത്തിൽ നിന്നു് ഒരു ചുമടു് താഴെ ഇറക്കിവെച്ചതുപോലെ എനിക്കു തോന്നി."

## ഈൎഷ്യയുടെ ഉൽപ്പത്തി

ധൃതരാഷ്ട്രൻ വീണ്ടും പറവാൻ തുടങ്ങി:—"എന്നാൽ അങ്ങനെയിരിക്കുമ്പോഴാണു് ദ്രുപദൻെറ രാജസഭയിൽവെച്ചു് അൎജ്ജുനൻ യന്ത്രക്കിളിയെ എയ്തുവീഴ്ത്തി ദ്രൌപദിയെ വിവാഹംചെയ്തു എന്ന വിവരം കിട്ടിയതു്, മാത്രമല്ല അവിടെ കൂടിയിരുന്ന രാജാക്കന്മാരുടെ അഹങ്കാരം പാണ്ഡവന്മാർ തീൎത്തുവെന്നും കേട്ടു.

ഇതു കേട്ടപ്പോൾ എനിക്കു വല്ലാത്ത ഒരു ആഘാതമുണ്ടായി. എൻെറ പുത്രന്മാൎക്കുവേണ്ടി രചിക്കപ്പെട്ട സ്വപ്നങ്ങളെല്ലാം തകൎന്നു. അതു് ഒരു അസത്യവാൎത്തയാകട്ടെ എന്നു ഞാൻ പ്രാൎത്ഥിച്ചു. അല്പനേരത്തേയ്ക്കു് എൻെറ ഹൃദയം മുഴുവൻ അന്ധകാരം വ്യാപിക്കുന്നതായും ഞാൻ മൂഢചിത്തനായി ഭവിക്കുന്നതായും എനിക്കു തോന്നി. എന്നാൽ കുന്തീ! പെട്ടെന്നു് ഞാൻ ഭാവം മാററി. ഈ വാൎത്ത എന്നെ അത്യധികം സന്തുഷ്ടനാക്കിത്തീൎത്തിട്ടുണ്ടെന്നു് പുറമേയ്ക്കു നടിച്ചു. വിവരം ലഭിച്ച ഉടനെ ഞാൻ ഹസ്തിനപുരിയിലെ നിവാസികൾക്കു മധുരപലഹാരം കൊടുത്തു. രാജധാനിയിൽ മംഗളവാദ്യം മുഴക്കി. ബ്രാഹ്മണരെക്കൊണ്ടു സ്വസ്തിവാചനം ചെയ്യിച്ചു. കന്യകമാരെ വസ്ത്രാഡംബരവിഭൂഷിത

കളാക്കിനിൎത്തി അന്നു മുഴുവൻ ഉത്സവമാഘോഷിച്ചു. എന്നാൽ കുന്തീ! ക്ഷമിക്കണം, എൻെറ മനസ്സിൽ കേവലം അന്ധകാരം മാത്രമാണു് ഉണ്ടായിരുന്നതു്. പാണ്ഡവന്മാർ ജീവിച്ചിരിക്കുന്നിടത്തോളം കാലം എൻെറ പുത്രന്മാൎക്കു രക്ഷയില്ല. ഈ വിചാരം എന്നെ അത്യധികം ഉൽക്കണ്ഠാഭരിതനാക്കിത്തീൎത്തു.

പരാജയം നേരിട്ട ദുൎയ്യോധനനും കൂട്ടുകാരും വളരെ നിരാശരായിത്തീൎന്നു. അവർ ഗാന്ധാരിയുടെ സഹോദരനായ ശകുനിയുടെ ഉപദേശം കേൾക്കുവാൻ തുടങ്ങി. സഞ്ജയാ! ഓൎമ്മയുണ്ടോ? ഒരിക്കൽ നമ്മൾ ഗംഗാസ്നാനം ചെയ്തു മടങ്ങുമ്പോൾ വഴിതെററി ഒരു ചളിക്കുണ്ടിൽ വീഴുകയുണ്ടായില്ലേ? വീണ ഉടനെ നമ്മൾ കീഴ്പോട്ടു താഴുവാൻ തുടങ്ങി. പുറത്തു കടക്കുവാൻവേണ്ടി എത്രകണ്ടു പ്രയത്നിച്ചുവോ അത്രയും കീഴ്പ്പോട്ടു പൂന്തിപ്പോകുകയാണു് ഉണ്ടായതു്. ഒടുവിൽ നീ എന്നെപ്പിടിച്ചു മലൎത്തിക്കിടത്തി നീയും അങ്ങനെ ചെയ്തു. അതുകൊണ്ടാണു നമുക്കു് രക്ഷപ്പെടുവാൻ സാധിച്ചതു്. താപസന്മാർ നമ്മെ പിടിച്ചുകയററി. എന്നിട്ടാണു് രാജധാനിയിലേയ്ക്കു് പോയതു്. ഇതുവരെ എനിക്കു് ആ സംഭവത്തെ മറക്കാൻ കഴിഞ്ഞിട്ടില്ല. കുന്തീ! ഞാൻ ഹൃദയംതുറന്നു സംസാരിക്കുകയാണു്. ഓരോ തവണയും അവസാനത്തേതാണെന്നു വിചാരിച്ചിട്ടാണു് ഞാൻ ഓരോ പ്രവൃത്തിയും ചെയ്തിട്ടുള്ളതു്. മേലിൽ അതു ചെയ്യാതെ കഴിയട്ടെ എന്ന വിചാരമുണ്ടായിരുന്നു എനിക്കു്. പക്ഷേ, അവസാനത്തേതാണെന്നു കരുതിയിരുന്ന ഓരോ പാപകൃത്യവും മററനേകം പാപങ്ങൾ ചെയ്യുന്നതിനുള്ള ചവിട്ടുപടികളായിട്ടാണു് അനുഭവപ്പെട്ടതു്.

കുന്തീ! ദ്രൗപദിയേയുംകൊണ്ടു് നിങ്ങളെല്ലാവരും ഹസ്തിനപുരിയിൽ വന്നപ്പോൾ എൻെറ അസ്വാസ്ഥ്യം

വർദ്ധിച്ചു. ചിലപ്പോൾ വിദുരൻ എൻെറ അടുക്കൽ വന്നിരുന്നു് ധർമ്മശാസ്ത്രത്തിലുള്ള കാര്യങ്ങളെപ്പററി സംസാരിക്കും. അപ്പോൾ കുറച്ചുനേരത്തേയ്ക്കു് എന്നിൽ ഒരു മാററമുണ്ടാവുകയും ചെയ്യും. അപ്പോൾ നിങ്ങളോടെല്ലാം എൻെറ മനസ്സിൽ ഒരു സ്നേഹം ഉണ്ടായിത്തീരുകയും ഞാൻ ചെയ്യുന്നതു ശരിയല്ലെന്നു മനസ്സാക്ഷി എന്നോടു മന്ത്രിക്കുകയും ചെയ്യും. എന്നാൽ ആ സ്ഥിതി വിദുരൻ പോകുന്നതുവരെ മാത്രമേ നിലനിന്നിരുന്നുള്ളു. വിദുരൻ ഇല്ലാത്ത അവസരത്തിൽ ദുര്യോധനൻ എൻെറ അടുക്കൽ വന്നാൽ ഞാൻ മറെറാരു ധൃതരാഷ്ട്രനായി മാറും. ഗാന്ധാരീ! നിൻെറ പരിശുദ്ധി എത്ര മഹത്തായതാണു്! പതിതപാവനിയായ ഈ ഗംഗയേക്കാൾ പരിശുദ്ധി നിനക്കുണ്ടു്. ആ പരിശുദ്ധി എൻെറ സന്തതസഹചാരിയായി വർത്തിച്ചിരുന്നു. എന്നിട്ടും ഞാൻ ദുര്യോധനൻെറനേർക്കു നോക്കിയിരുന്നതു് എന്തുകൊണ്ടാണു്? അവൻെറ വാക്കു് അനുസരിച്ചിരുന്നതു് എന്തുകൊണ്ടാണു്? ഗാന്ധാരീ! ഇന്നു ആ സാധു സ്വർഗ്ഗത്തിൽ എത്തിയിരിക്കുന്നു. പക്ഷേ, ഞാൻ കിടക്കുന്നതു ഭൂമിയിലാണു്. എന്നാൽ നിനക്കു് നിൻെറ പരിശുദ്ധിയിൽ എത്ര വിശ്വാസമുണ്ടായിരുന്നുവോ അതിൽ കൂടുതലായി ദുര്യോധനൻ തൻെറ പാപകർമ്മങ്ങളിൽ വിശ്വസിച്ചിരുന്നു. അതുകൊണ്ടായിരിക്കാം അവനു് എന്നെ കീഴടക്കുവാനു സാധിച്ചതു്. നിനക്കു് എന്നെ ആദ്യംമുതല്ക്കേ അറിയാം. ഇന്നുവരെ ഞാൻ ഒരു ധർമ്മിഷ്ഠനാണെന്ന ഭാവമായിരുന്നു എനിക്കുണ്ടായിരുന്നതു്. ശാസ്ത്രോക്തമായ ധാർമ്മികകാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുകയും ബാക്കി സമയങ്ങളിൽ സമുദായത്തിനു വലിയ ആപത്തുകളൊന്നുമുണ്ടാക്കാത്തതരത്തിലുള്ള പ്രവൃത്തികളിൽക്കൂടി സ്വന്തം താൽപര്യങ്ങളെ സംരക്ഷിച്ചുപോരികയും ചെയ്യുന്നതാണു് നല്ല മനുഷ്യൻെറ ലക്ഷണമെന്നു് ഇതുവരെ ഞാൻ ധരിച്ചുവെച്ചി

No. 11383.

രുന്നു. എന്നാൽ ഈ തപോവനത്തിലെ ശാന്തസുന്ദരമായ അന്തരീക്ഷത്തിൽ വന്നപ്പോഴാണു് എനിക്കു് എന്റെ തെററുകളെല്ലാം മനസ്സിലാവുന്നതു്. ദേവീ! ആ ധൎമ്മകൃത്യങ്ങളെല്ലാം അതേപടി നില്ക്കുന്നു. സ്വാൎത്ഥവൃത്തികളും മുന്നോട്ടു നീങ്ങിയില്ല എന്നാൽ അതെല്ലാം കാരണമായി ചാഞ്ചാടിക്കൊണ്ടിരിക്കുന്ന എന്റെ മനസ്സാകട്ടെ എന്നെ വിടുന്നതുമില്ല. വിടുമെന്നും തോന്നുന്നില്ല. ഗാന്ധാരീ! എന്നെപ്പോലെ സാമ്രാജ്യദുൎമ്മോഹികളായ ആളുകൾ ഇതെല്ലാം വ്യൎത്ഥമാണെന്നു് ഇനിയും മനസ്സിലാക്കുന്നില്ലല്ലോ!

കുന്തീ! കേൾക്കൂ. ഞാൻ ചിലപ്പോൾ വിഷയം മാററുന്നു. സഞ്ജയാ! നീ എന്താണു് എന്നെ തടയാതിരുന്നതു്? അതെ, ദ്രൌപദിയോടുകൂടി നിങ്ങളെല്ലാവരും ഹസ്തിനപുരിയിൽ വന്നപ്പോൾ എനിക്കു സന്തോഷമായി. പാണ്ഡവന്മാൎക്കു് ഇന്ദ്രപ്രസ്ഥവും പകുതി രാജ്യവും ഞാൻ കൊടുത്തു. നിങ്ങൾ ഇന്ദ്രപ്രസ്ഥത്തിലേയ്ക്കു പോയി. എന്നാൽ യഥാൎത്ഥത്തിൽ എന്റെ മനസ്സിനു ലേശംപോലും സമാധാനമുണ്ടായിരുന്നില്ല. ഓരോ ദിവസവും നിന്റെ പുത്രന്മാർ ഏതെങ്കിലും ഒരു രാജാവിനെ തോല്പിച്ചിട്ടുണ്ടെന്നോ ഒരു പുതിയരാജ്യം പിടിച്ചടക്കീട്ടുണ്ടെന്നോ ഉള്ള വൎത്തമാനം സൂൎയ്യൻ അസ്തമിക്കുന്നതിന്നുമുമ്പായിത്തന്നെ എനിക്കു കിട്ടിയിരുന്നു. തന്നിമിത്തം എന്റെ അസ്വാസ്ഥ്യം വൎദ്ധിച്ചു. കുന്തീ! ഇന്നു് എല്ലാം മനസ്സിലാക്കാൻ കഴിയുന്നുണ്ടു്. പക്ഷേ, അന്നു് അതു സാധിച്ചിരുന്നില്ല. പാണ്ഡവന്മാരുടെ അധികാരവും യോഗ്യതയും വൎദ്ധിച്ചതുകൊണ്ടു് എനിക്കു് യാതൊരു നഷ്ടവും സംഭവിച്ചിരുന്നില്ല എന്റെ ദുൎയ്യോധനന്റെ ഒരു ഗ്രാമത്തിനുപോലും അതുകൊണ്ടു കേടു സംഭവിച്ചിരുന്നില്ല. നിന്റെ പുത്രന്മാർ എന്റെ ദുൎയ്യോധനന്റെ പ്രതാപത്തെ ഒരിക്കലും ക്ഷതപ്പെടുത്തിയിരുന്നതുമില്ല. പക്ഷേ, പാണ്ഡവ

ന്മാരുടെ പ്രശസ്തി വദ്ധിച്ചാൽ ദുര്യോധനന്റെ പ്രശസ്തി ചുരുങ്ങിപ്പോകുമെന്ന് എനിക്കൊരു തെററിദ്ധാരണയുണ്ടായി. പാണ്ഡവന്മാർ എപ്പോഴും ദുര്യോധനന്റെ താഴെയായിരിക്കണം എന്നായിരുന്നു ഞാൻ ആശിച്ചിരുന്നതു്. എന്റെ ആശയെ സഫലമാക്കുന്നതുകൊണ്ടു് ഞാൻ എന്റെ പുത്രന്മാരോടുള്ള കത്തവ്യം നിറവേററുക മാത്രമാണു ചെയ്യുന്നതു് എന്നും ഞാൻ ധരിച്ചിരുന്നു. എന്നാൽ ഇന്നു്, പാണ്ഡവന്മാരോടുള്ള വിദ്വേഷംകൊണ്ടുമാത്രമായിരുന്നു ഞാൻ അങ്ങനെ ഒരാശ വെച്ചുപുലത്തിപ്പോരുന്നതെന്നു വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ടു്. പാണ്ഡവന്മാർ സ്വന്തംമാഗ്ഗത്തിൽക്കൂടി പുരോഗമിക്കുന്നതുകൊണ്ടു് ദുര്യോധനന്നു് യാതൊരു കുറവും വന്നിരുന്നില്ല. എന്നാൽ മനുഷ്യൻ സ്വന്തം മേന്മയേയും കുറവിനേയും അളക്കുന്നതു് മററുള്ളവരുടെ മാനദണ്ഡം വെച്ചിട്ടാണു്. ഇതു വലിയൊരു തെററാണു്. എന്റെ ജീവിതത്തിൽ ഇങ്ങനെയൊരു തെററു് ഞാൻ ഉടനീളം ചെയ്തുപോയി. പാണ്ഡവന്മാരുടെ പ്രശസ്തി എന്നെ അസ്വാസ്ഥ്യപ്പെടുത്തി. എന്റെ പുത്രന്മാക്കും അസ്വാസ്ഥ്യമുണ്ടായി. അങ്ങനെ പാണ്ഡവന്മാരെ ഏതെങ്കിലുംവിധത്തിൽ നശിപ്പിക്കണമെന്നു് അവർ നിശ്ചയിച്ചു.

ആ സമയത്താണു് യുധിഷ്ഠിരൻ രാജസൂയം നടത്തിയതു്. ശ്രീകൃഷ്ണനും അജ്ജുനനും ഭീമനുംകൂടി ജരാസന്ധനെ വധിച്ചു; തടവുകാരായിപ്പിടിച്ച രാജാക്കന്മാരെയെല്ലാം മോചിപ്പിച്ചു. ആ വിവരം ലഭിച്ചപ്പോൾ ഞാൻ അമ്പരന്നുപോയി. ജരാസന്ധനേയും ആയാളുടെ സാമ്രാജ്യത്തേയും നശിപ്പിക്കുവാൻ ആക്കുംതന്നെ കഴിയുകയില്ലെന്നായിരുന്നു ഞാൻ വിശ്വസിച്ചിരുന്നതു്. ഭീമൻ ജരാസന്ധനെ വധിച്ചപ്പോൾ എന്റെ കണ്ണുകൾ തുറന്നു. അങ്ങനെ, പാണ്ഡവന്മാരോടു് എന്റെ പുത്രന്മാർ എതി

ക്കുവാൻ പോകുന്നത് സിംഹത്തിൻെറ വായിൽ കൈയിടു ന്നതിന്നു സമമാണെന്ന് അല്പസമയത്തേയ്ക്കു് എനിക്കു തോന്നി.

എന്നാൽ പ്രസ്തുത വിചാരം മനസ്സിൽ വരികയും പോകയും ചെയ്തുകൊണ്ടിരുന്നു. യുധിഷ്ഠിരൻെറ രാജസൂയ യജ്ഞത്തിൽ പങ്കെടുക്കുന്നതിന്നായി ഭീഷ്മർ, ദ്രോണർ, ദുര്യോധനൻ മുതലായവരെല്ലാം പോയിരുന്നു. വിദുരനും പോയിട്ടുണ്ടായിരുന്നു. പക്ഷേ, എനിക്ക് കണ്ണുകൾ ഇല്ലല്ലോ. പിന്നെ ഞാൻ പോയിട്ടെന്തു പ്രയോജ നം? ദുര്യോധനൻ ഇന്ദ്രപ്രസ്ഥത്തിൽനിന്നു മടങ്ങിവന്ന് പാണ്ഡവന്മാരുടെ ഐശ്വൎയ്യത്തെപ്പററി എനിക്കു വൎണ്ണി ച്ചുതന്നു. അതു കേട്ടതോടെ എൻെറ ഉറക്കം പൊയ്പോയി. ദ്വാരകാധിപനായ ശ്രീകൃഷ്ണൻ മാനവശ്രേഷ്ഠൻ എന്ന നി ലയ്ക്കു പൂജിക്കപ്പെടുകയും അതിനെ എതിൎത്ത ശിശുപാ ലൻെറ ശിരഃച്ഛേദം ചെയ്യപ്പെടുകയും ചെയ്തു. മഹാനുഭാ വനായ ആ കൃഷ്ണൻതന്നെയാണ് യജ്ഞത്തിന്നു വന്നുചേ ൎന്ന രാജാക്കന്മാരുടെ കാൽ കഴുകിയതു്. ഭാരതവൎഷത്തി ൻെറ നാനാഭാഗത്തുനിന്നും എത്തിച്ചേൎന്ന രാജാക്കന്മാരും മഹാരാജാക്കന്മാരും യുധിഷ്ഠിരമഹാരാജാവിൻെറ മുമ്പിൽ തലകുനിച്ചു വണങ്ങി. അനേകം അമൂല്യങ്ങളായ കാഴ്ചദ്ര വ്യങ്ങൾ നൽകി അദ്ദേഹത്തിൻെറ സാൎവ്വഭൌമപദത്തെ അവർ അംഗീകരിച്ചു. ഇതെല്ലാം വിസ്തരിച്ചുകേട്ടപ്പോൾ എൻെറ മനസ്സിലുണ്ടായ വികാരങ്ങൾ എന്തെല്ലാമായിരു ന്നുവെന്നു നിങ്ങൾക്കാൎക്കും ഊഹിക്കുവാൻപോലും സാദ്ധ്യ മല്ല. സ്വന്തം പുത്രന്മാർ എന്തുകൊണ്ടും പാണ്ഡവന്മാ രെ കവച്ചുവെയ്ക്കണമെന്നു് ആഗ്രഹിക്കുന്ന ധൃതരാഷ്ട്രന് ഇതെല്ലാം കേൾക്കുവാൻ സുഖമുണ്ടാവുമോ? ദുര്യോധന

പക്ഷെ, ഞാൻ വിവേകം പാലിച്ചു; ദുര്യോധനനോടും വിവേകത്തോടുകൂടി പെരുമാറണമെന്ന് ഉപദേശിച്ചു. കുന്തീ! ഞാൻ അന്ധനാണെന്ന് എല്ലാവൎക്കുമറിയാം. എന്നെ ആരെങ്കിലും കുരുടനെന്നു വിളിക്കുകയാണെങ്കിൽ അതു യഥാൎത്ഥമാണ് എന്നും എനിക്കറിയാം. എന്നാൽ ദ്രൌപദി ദുര്യോധനനെ 'കുരുടന്റെ മകനും കുരുടൻതന്നെ' എന്നുപറഞ്ഞു് പരിഹസിച്ചു എന്നു കേട്ടപ്പോൾ എനിക്കു് വളരെ ദുഃഖമുണ്ടായി. ദ്രൌപദിയുടെയും നിങ്ങളുടെ എല്ലാവരുടെയും ഗുണകാംക്ഷിയാണെങ്കിൽപോലും അവളുടെ മുടി ചുററിപ്പിടിച്ചുവലിക്കുവാൻ എനിക്കു തോന്നി. പിന്നീടുണ്ടായതെല്ലാം നിങ്ങൾക്കറിയാമല്ലൊ. ദ്രൌപദീ! അല്ലയോ ദ്രൌപദീ! നിന്റെ അഴിച്ചിട്ട മുടി നീ കെട്ടിയില്ലേ? ദുശ്ശാസനന്റെ ബലി നടന്നതു നിന്റെ മുടിക്കുവേണ്ടിയാണ്. നീ ക്ഷമിക്കണം. മകളെ, നിന്നെപ്പിടിച്ചു മടിയിൽ ഇരുത്തുവാൻ എനിക്കു തോന്നുന്നു. വേണ്ടാ. ഞാൻ ദഹിച്ചുപോകും. പരിശുദ്ധകളായ സ്ത്രീകളെ സ്പൎശിക്കുവാൻ എനിക്കു യോഗ്യതയില്ല."

സഞ്ജയൻ:—മഹാരാജാവേ! നമ്മൾ ഇപ്പോൾ ആശ്രമത്തിലാണ് എന്ന കഥ മറന്നുവോ?

ധൃതരാഷ്ട്രർ:— ഓഹോ, ഞാൻ മറന്നുപോയി. അതെ. പിന്നീടാണു ഞാൻ എന്റെ ജീവിതത്തിൽവച്ചു് ഏററവും നീചമായ പ്രവൃത്തി ചെയ്തതു്. ചൂതുകളി എത്രമാത്രം നിന്ദ്യമായ ഒന്നാണെന്ന് എനിക്കറിയാമായിരുന്നു. ദുര്യോധനൻ തന്റെ അഭിപ്രായം എന്നോടു പറഞ്ഞു. ഞാൻ ആയാളെ വളരെ തടഞ്ഞുനോക്കി. പക്ഷേ, ഫലമുണ്ടായില്ല. ഒടുവിൽ നിവൃത്തിയില്ലാതെ പാണ്ഡവന്മാരെ ചൂതുകളിക്കുവാനുവേണ്ടി വിളിക്കുന്നതിന്നായി ഞാൻ വിദുരനെ

നെ മറക്കും? നിൻെറ ഓരോ വാക്കും എത്രമാത്രം വിലപിടിച്ചതായിരുന്നു! പക്ഷേ, കരുടനായ എനി ക്ക് എൻെറ വിനാശത്തെ എങ്ങനെ കാണുവാൻ സാധിക്കും? കുന്തീ! യുധിഷ്ഠിരനെ തടയുവാൻ നിനക്കും തോന്നിയില്ല. എങ്ങനെയാണു തോന്നുക? ഈശ്വ രേച്ഛ അതായിരുന്നു. അങ്ങനെ നിങ്ങളെല്ലാവരും വന്നു. ഞങ്ങൾ ആഡംബരപൂർവ്വം നിങ്ങളെ സ്വാഗ തം ചെയ്തു. ഗാന്ധാരീ! നിൻെറ ശകുനിക്ക് അന്ന് എന്തു സന്തോഷമായിരുന്നുവെന്നോ?

പിറേറദിവസം ചൂതുകളി ആരംഭിച്ചു. എൻെറ പുത്രൻ ദുര്യോധനൻ കളിയിൽ ജയിച്ചു. അല്ല, തോററു എന്നു പറയട്ടെ. കുന്തീ! നിൻെറ പുത്രൻ തോല്ക്കുകയാ ണോ ഉണ്ടായതു്? അല്ല, ആയാൾ ജയിച്ചു. ലോകത്തിൽ പലപ്പോഴും വിജയം പരാജയത്തേക്കാൾ മോശമാവാറു ണ്ടു്. പരാജയം വിജയത്തേക്കാൾ വിലപിടിച്ചതും ആയി ത്തീരാറുണ്ടു്. എൻെറ ദുര്യോധനൻ യുധിഷ്ഠിരൻെറ ധനം, രാജ്യം, ദാസന്മാർ, ദാസികൾ, സഹോദരന്മാർ എന്നിവ രേയും സതിയായ ദ്രൗപദിയെപ്പോലും ജയിച്ചുകീഴടക്കി. എന്നാൽ ഈ വിജയം അവൻെറ മനുഷ്യത്വത്തെ പരാജ യപ്പെടുത്തി. ഗാന്ധാരീ! എൻെറ പുത്രനെ നശിപ്പിച്ചതു് ശകുനിയാണു്. എന്നാൽ ശകുനിയെ എന്തിനാണു് കുററം പറയുന്നതു്? എൻെറ ദോഷംകൊണ്ടാണു് അതു സംഭവിച്ചതു്. സഞ്ജയാ! ചൂതുകളിയിൽ കരുക്കൾ എ ങ്ങനെ വീഴുന്നു എന്നു ഞാൻ എത്ര ഉൽക്കണ്ഠയോടുകൂ ടിയാണു് നിന്നോടു ചോദിച്ചു മനസ്സിലാക്കിയതു്! എനി ക്കതു നല്ലപോലെ ഓമ്മ തോന്നുന്നുണ്ടു്. വെള്ള വിരിയി ന്മേൽ വീഴുന്ന ആനക്കൊമ്പുകൊണ്ടുള്ള കരുക്കളെപ്പററി നീ എന്നോടു പറഞ്ഞുതന്നു. എൻെറ സന്തോഷത്തിനു് അതിരുണ്ടായിരുന്നില്ല. ആയിരം തൊടുകും ...

തെ എൻെറ പുത്രൻ പാണ്ഡവന്മാരെയും ദ്രൌപദിയേയും അടിമകളാക്കി എന്നു കേട്ടപ്പോൾ ശകുനിയുടെ ബുദ്ധിസാമത്ഥ്യത്തെപ്പററി എനിക്കാശ്ചര്യം തോന്നി. എന്നാൽ ഇന്നു് അതെല്ലാം കേവലം ഒരു ഭ്രാന്തിമാത്രമായിരുന്നു എന്നു തോന്നുന്നു. കുന്തീ! കുരുകുലത്തിലെ മുഖ്യസ്ഥനും കുരുകുലത്തിൻെറ മാനത്തേയും പരിശുദ്ധിയേയും സംരക്ഷിക്കേണ്ട ആളും ആയ ഞാൻ എൻെറ പുത്രിയെപ്പോലുള്ള ദ്രൌപദിയെ നിറഞ്ഞ സഭയിൽവെച്ചു് അപമാനിക്കുന്നതു കണ്ടുകൊണ്ടിരുന്നു എന്നാലോചിക്കുമ്പോൾ എനിക്കു് എന്നോടുതന്നെ കലശലായ വെറുപ്പു തോന്നുന്നു. എത്ര ജന്മംകൊണ്ടാണു് ഈ മഹാപാപത്തിൽനിന്നു കരകയറുവാൻ എനിക്കു സാധിക്കുക എന്നാണു് ഞാൻ ആലോചിക്കുന്നതു്. ദുര്യോധനൻ ചൂതു കളിച്ചിരുന്നില്ലെങ്കിൽ കൌരവന്മാർ ആരുംതന്നെ നശിച്ചുപോകുമായിരുന്നില്ല. അവക്കു ഹസ്തിനപുരിയിൽ സസുഖം വാഴാമായിരുന്നു. ചൂതുകളിയിൽ വാതുവെച്ചിരുന്നില്ലെങ്കിലും നൂററവന്മാക്കു് യുധിഷ്ഠിരൻെറ പാർശ്വത്തിൽ സാനന്ദം വത്തിക്കാമായിരുന്നു. ദ്രൌപദിയെ തൊട്ടുകളിക്കാതിരുന്നുവെങ്കിലും ഈ സ്ഥിതി വരുമായിരുന്നില്ല. പാണ്ഡവന്മാരും കൌരവന്മാരുംകൂടി യോജിച്ചിരുന്നു ഭാരതവഷത്തെ കിടുകിടാ വിറപ്പിക്കുമായിരുന്നു. ദ്രൌപദിയെ പണയംവെച്ചതും സഹിക്കാം. ദുശ്ശാസനൻ അവളുടെ വസ്ത്രമഴിച്ചതാണു് വലിയ അക്രമമായതു്. അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ, ഇന്നു് എൻെറ പുത്രവധുക്കളുടെ ജീവിതം ശൂന്യമാകുമായിരുന്നില്ല. മാത്രമല്ല ഈ കാട്ടിൽകിടന്നു ദഹിച്ചുദഹിച്ചു മരിക്കുന്നതിന്നുള്ള വിധി എനിക്കു വരുമായിരുന്നില്ല. ഞാൻ എൻെറ നൂററഞ്ചുപുത്രന്മാരുടെ ഇടയിൽകിടന്നു് സസുഖം മരിക്കുമായിരുന്നു. എന്നാൽ സഞ്ജയാ! ഞാൻതന്നെ ചീത്തയാണു്. പിന്നെ മററുള്ളവരെ എന്തിനു കുററപ്പെടുത്തുന്നു! ഞാൻ ചെയ്ത ദുഷ്കമ്മങ്ങളുടെ ഫലം ഞാനല്ലാതെ

മററാരനുഭവിക്കും? കുന്തീ! എന്റെ പുത്രന്മാർ ദ്രൌപദിയെ ഇപ്രകാരം അപമാനിച്ചപ്പോൾ നിന്റെ ഹൃദയം തകൎന്നുപോയിട്ടുണ്ടായിരിക്കണം. എന്നാൽ ഞാൻ ഇതെല്ലാം കേട്ടതു വളരെ രസമായിട്ടാണ്. എനിക്കു വളരെ സന്തോഷവും തോന്നി. എന്നെ കുരുടൻ എന്നു വിളിച്ചതിന്ന് തക്കതായ ശിക്ഷ ലഭിച്ചു എന്നു ഞാൻ കരുതി. എന്നാൽ പരിശുദ്ധകളായ ആൎയ്യസ്ത്രീകളെ ചൂതിൽ പണയംവാങ്ങുന്നവൎക്ക് ഒടുവിൽ ജീവൻ നഷ്ടപ്പെട്ടുപോകുമെന്ന് അന്നെനിക്കു മനസ്സിലായിരുന്നില്ല. പരിശുദ്ധകളായ ആൎയ്യസ്ത്രീകളുടെ കെട്ടഴിഞ്ഞു ചിന്നിച്ചിതറിക്കിടക്കുന്ന മുടിക്ക് വമ്പിച്ച സാമ്രാജ്യങ്ങളെ തകൎക്കുവാനുള്ള ശക്തിയുണ്ടെന്ന് അന്നു ഞാൻ മനസ്സിലാക്കിയിരുന്നില്ല. നിറഞ്ഞ സഭയിൽവെച്ച് കണ്ണുകൾകൊണ്ടും കൈയുകൾകൊണ്ടും ആൎയ്യസ്ത്രീകളെ അപമാനിക്കുന്ന ഗൎവ്വിഷ്ഠന്മാൎക്ക് ഒടുവിൽ യമലോകത്തേയ്ക്കു പോകേണ്ടിവരുമെന്ന് അന്നെനിക്കു മനസ്സിലായിരുന്നില്ല.

കുന്തീ! ഗാന്ധാരീ! ആ സംഭവത്തെപ്പററി എനിക്ക് ഓൎമ്മവരുമ്പോഴെല്ലാം എന്റെ ചുററുപാടും ഭൂതങ്ങൾ വന്നുനിന്ന് അതിന്നു സമാധാനം പറയണമെന്ന് ആവശ്യപ്പെടുന്നതായി എനിക്കു തോന്നിപ്പോകുന്നു. എനിക്കു മറെറാരു മറുപടിയും നൽകാനില്ല ഞാൻ അന്ധനും ലോഭിയുമായിരുന്നു എന്ന ഒരു മറുപടി മാത്രമാണുള്ളതു്. ലോഭിക്ക് കണ്ണുകൾ ഉണ്ടാവില്ല. ദുൎയ്യോധനനെ ഞാൻ വളരെ സ്നേഹിച്ചിരുന്നു. അതുകൊണ്ടു് അവന്റെ ദുഷ്പ്രവൃത്തികളെയൊന്നുംതന്നെ ഞാൻ തടഞ്ഞില്ല. എന്റെ ലോഭത്തിന്ന് അങ്ങനെയെങ്കിലും ഒരു സംതൃപ്തി ലഭിക്കട്ടെ എന്നു ഞാൻ കരുതി. എന്നാൽ ഇന്നാകട്ടെ, കരഞ്ഞുതൊഴിച്ചാൽപോലും സമാധാനം കിട്ടുന്നതുമില്ല.

കുന്തീ! ഒരു കാൎയ്യം വിട്ടുപോയി. കൌരവസദസ്സിൽ വെച്ച് ദ്രൌപദി അപമാനിക്കപ്പെട്ടു. ദുശ്ശാസനനെ

പ്പോലെ അതിബലവാനായ ഒരാൾപോലും ദ്രൗപദിയുടെ വസ്ത്രം പിടിച്ചഴിക്കുവാൻ സാധിക്കാതെ ക്ഷീണിച്ചുപോയി. ആ സമയത്ത്, ദ്രൗപദി എന്റെ പുത്രന്മാരെ ശപിച്ചു ഭസ്മമാക്കിക്കളയുമോ എന്ന ഒരു ഭയംപോലും എനിക്കുണ്ടായിത്തീർന്നു. അതുകൊണ്ടാണ് ഞാൻ സഭയിലേയ്ക്കു് ഓടിവന്നത്. അവിടെ ചെന്നു ഞാൻ ദ്രൗപദിയെ മടിയിൽ പിടിച്ചിരുത്തി. അവളെ സന്തോഷിപ്പിക്കുന്നതിനു വേണ്ടി അവളേയും പാണ്ഡവന്മാരേയും അടിമത്തത്തിൽനിന്നു മോചിപ്പിച്ചു. കുന്തീ! സഭയിലുള്ളവരെല്ലാം എന്നെ പ്രശംസിക്കുവാൻ തുടങ്ങി. എന്റെ പുത്രന്മാരുടെ പ്രവൃത്തി ഇഷ്ടപ്പെടാതെ പാണ്ഡവന്മാരോട് നീതിപ്രവർത്തിക്കുവാൻ വേണ്ടി വന്നതാണ് ഞാനെന്നു തോന്നും അവരുടെ പറയൽ കേട്ടാൽ. പക്ഷേ, യാഥാർത്ഥ്യം അതല്ലായിരുന്നു. എന്റെ ഈ ഔദാര്യത്തിലും സ്വാർത്ഥമുണ്ടായിരുന്നു. ഗാന്ധാരീ! രാജാക്കന്മാരായ ഞങ്ങൾ ശത്രുക്കളെ ഇഞ്ചിഞ്ചായി കൊല്ലുന്നത് സാമർത്ഥ്യമായി കരുതുന്നു. മുറിപ്പെടുത്തുന്നതോടൊപ്പംതന്നെ മുറിവിന് ആശ്വാസം നല്കുന്ന തരത്തിലുള്ള വ്യവസ്ഥകളും ഞങ്ങൾ നിർമ്മിച്ചുവെച്ചിട്ടുണ്ട്. അങ്ങനെ ചെയ്യുമ്പോൾ ജനങ്ങളുടെ ദൃഷ്ടി മുറിവിലല്ല പതിയുന്നത്; ആശ്വാസപ്രവർത്തനങ്ങളിലാണ്. ഭൂരിപക്ഷം ജനങ്ങളും പ്രസ്തുത ക്ലേശത്തെ മറക്കുന്നു. അങ്ങനെ ഞങ്ങൾക്ക് വീണ്ടും മുറിപ്പെടുത്തുന്നതിനുള്ള അവസരം ലഭിക്കുന്നു. ദ്രൗപദി യോഗമായയുടെ അവതാരമാണ്. എന്റെ പുത്രന്മാരെ അവൾ ശപിച്ചേയ്ക്കുമോ എന്നു ഞാൻ ഭയപ്പെട്ടു. അതുകൊണ്ടാണ് അവൾക്ക് വരം നല്കിയത്. അവൾ സന്തുഷ്ടയായപ്പോൾ മാത്രമേ എന്റെ മനസ്സിന്നു സമാധാനമുണ്ടായുള്ളു.

എന്നിട്ടും പാണ്ഡവന്മാർ രക്ഷപ്പെട്ടുപോകുന്നതു കണ്ടിട്ട് എന്റെ പുത്രന്മാക്ക് സഹിച്ചില്ല. പുത്രന്മാരുടെ കൊട്ടിനൊത്തു തുള്ളുന്ന എനിക്കും അത് അസഹനീയമാ

യിത്തോന്നി. അങ്ങനെ പാണ്ഡവന്മാരെക്കൊണ്ടു് വീണ്ടും ചൂതുകളിപ്പിക്കുകയും പന്ത്രണ്ടുകൊല്ലം വനവാസം നല്കുകയും ചെയ്തു. ഗാന്ധാരീ! ദുര്യോധനനാണു് ഇതെല്ലാം ചെയ്തതു്. പക്ഷേ, എനിക്കും അതിഷ്ടമായിരുന്നു. എനിക്കിഷ്ടമില്ലായിരുന്നുവെങ്കിൽ ഞാൻ അന്നു് അതിനു സമ്മതം കൊടുക്കുമായിരുന്നില്ല. വിദുരനും നീയും എന്നെ പലപ്പോഴും വിലക്കുകയുണ്ടായിട്ടുണ്ടു്. പക്ഷേ, അന്ധനായ ഞാൻ അതു ശ്രദ്ധിച്ചില്ല. ഇന്നു് എന്റെ ദുഷ്ടതയുടെയും പാമരതയുടെയും അനന്തരഫലങ്ങൾ ഓരോന്നായി അനുഭവിക്കുകയാണു്. അപ്പോഴാണു് എല്ലാം മനസ്സിലാകുന്നതു്. എന്നാൽ ഇന്നു ബോധോദയമുണ്ടായതുകൊണ്ടു് എന്തു കാര്യം? എന്റെ പാപങ്ങൾ ഓരോന്നോരോന്നായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണു്. അവയെല്ലാം ഒന്നിച്ചുകൂടി ഹൃദയത്തെ ദംശിക്കുകയാണെങ്കിൽ എത്ര നന്നായിരുന്നു! ലോകത്തിലുള്ള എല്ലാ പാമ്പുകളുടെയും തേളുകളുടെയും വിഷം അവയ്ക്കുണ്ടായിക്കൊള്ളട്ടേ! ലോകത്തിലുള്ള അഗ്നിയുടെ മുഴുവൻ ചൂടും അവയ്ക്കുണ്ടായിക്കൊള്ളട്ടെ! ഞാൻ നശിക്കട്ടെ, ദഹിക്കട്ടെ. ധൃതരാഷ്ട്രൻ അതിന്നു് തികച്ചും അർഹനാണു്. സഞ്ജയാ! എന്നെ ഹിമാലയത്തിന്റെ മുകളിലേയ്ക്കു കൊണ്ടുപോകൂ. കുന്തീ! ഹിമാലയത്തിന്റെ കൊടുമുടിയിൽ കയറി ഇരുന്നുകൊണ്ടു് ഭാരതവർഷത്തോടു് എനിക്കു ചിലതെല്ലാം പറയുവാനുണ്ടു്.

– എന്തിന്നാണു് ജയദ്രഥൻ വന്നിരിക്കുന്നതു്? മകനേ! നിന്നെയും ഞാൻ പുത്രനെപ്പോലെയാണു കരുതുന്നതു്. എന്റെ പാപങ്ങളുടെ ഒരു പങ്കു് നിനക്കും കിട്ടി. അല്ലെങ്കിൽ സിന്ധുരാജനായ ജയദ്രഥാ! എന്റെ ദുശ്ശളയെ മറന്നു് ദ്രൗപദിയുടെ മേൽ കണ്ണുവെയ്ക്കേണ്ട ആവശ്യം നിനക്കുണ്ടായിരുന്നില്ലല്ലോ. ജയദ്രഥാ! നീ ശിവഭക്തനായിരുന്നു. ശിവൻ നിനക്കു മോക്ഷം നല്കുവാൻപോലും ഒരുക്കമായി

എന്നാൽ നീ ആവശ്യപ്പെട്ടതു് നിസ്സാരമായ ഒന്നാണു്. അങ്ങനെ അർജ്ജുനന്റെ കൈകൊണ്ടു് നിനക്കു മരിക്കേണ്ടതായും വന്നു. ജയദ്രഥാ! നീ എന്റെനേരെ നോക്കുകയാണോ?

കുന്തീ! എനിക്കു മാപ്പുതരൂ. ഞാൻ വീണ്ടും എന്തെല്ലാമോ പറയുകയാണു്. നിന്റെ പുത്രന്മാരെ കാട്ടിലേയ്ക്കു് അയച്ചിട്ടും എനിക്കു ശാന്തി ലഭിച്ചില്ല. എന്റെ പുത്രന്മാർ വനത്തിൽവെച്ചു പാണ്ഡവന്മാരെ ദ്രോഹിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടിരുന്നു. പന്ത്രണ്ടു കൊല്ലം കഴിഞ്ഞതിനുശേഷവും പാണ്ഡവരുടെ വനവാസത്തെ ദീർഘിപ്പിക്കേണ്ടതു് എങ്ങനെയാണെന്നു് എന്റെ പുത്രന്മാർ ചിന്തിച്ചുതുടങ്ങി. ഞാൻ എല്ലാ കാര്യങ്ങളിലും അവരെ അനുകൂലിച്ചുവന്നു. പന്ത്രണ്ടുകൊല്ലം വേഗത്തിൽ കഴിഞ്ഞുപോയി. പതിമൂന്നാമത്തെക്കൊല്ലവും കഴിയാറായി. പാണ്ഡവന്മാരെപ്പററി യാതൊരു വിവരവും ഉണ്ടായിരുന്നില്ല. അക്കാലത്താണു് അപ്രതീക്ഷിതമായി പാണ്ഡവന്മാർ വിരാടരാജ്യത്തിൽ പ്രത്യക്ഷപ്പെട്ടതു്. ഞങ്ങളെല്ലാവരും അമ്പരന്നുപോയി. പതിമൂന്നുകൊല്ലത്തിനുശേഷം പാണ്ഡവന്മാർ അവശേഷിക്കുമെന്നു് ഞാൻ സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല. പിന്നീടാണു് അർജ്ജുനൻ വിരാടരാജ്യത്തിന്റെ അതിർത്തിയിൽവെച്ചു് കൌരവസൈന്യത്തെ ആട്ടിയോടിച്ചതു്. പ്രസ്തുത യുദ്ധത്തിൽ വെച്ചു വളരെപ്പേരെ നഗ്നരാക്കിവിട്ടു. എന്റെ മക്കൾ ആപത്തിന്റെ വായിൽ ചെന്നു ചാടിയിരിക്കുന്നു എന്നു് അപ്പോഴാണു് എനിക്കു മനസ്സിലായതു. കുന്തീ! യഥാർത്ഥത്തിൽ അന്നുമുതല്ക്കു് എനിക്കു് ഉറക്കമില്ല. ഇനി എപ്പോഴാണു് ഉറക്കമുണ്ടായിത്തീരുക എന്നു പറയുവാനും എന്നാൽ സാദ്ധ്യമല്ല."

# വിനാശത്തിലേയ്ക്കു്

ധൃതരാഷ്ട്രർ തുടർന്നു:—"ഗാന്ധാരീ! പിന്നീടുള്ള ദിവസങ്ങളെല്ലാം അതിവേഗം കടന്നുപോയി. ഹസ്തിനപുരിയിലെ അന്തരീക്ഷത്തിന്നു് ഇളക്കംതട്ടി. ചൂടുപിടിച്ചു. പാണ്ഡവന്മാരുമായി യുദ്ധംചെയ്യണമെന്ന സംസാരമായി. ദിനംപ്രതി ദൂതന്മാർ രണ്ടുഭാഗത്തേയ്ക്കും വന്നും പോയും ഇരുന്നു. വിരാടരാജാവും ഹസ്തിനപുരിയിലെ രാജാവും തമ്മിൽ അസുഖകരങ്ങളായ സന്ദേശങ്ങൾ കൈമാറിക്കൊണ്ടിരുന്നു. ദിനംപ്രതി, അടക്കിനിർത്തപ്പെട്ടിരുന്ന വിദ്വേഷവിഷം നവംനവങ്ങളായ രൂപംപൂണ്ടു് പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. ഇതിനെല്ലാം സാക്ഷിയായിത്തീർന്നിരുന്ന ധൃതരാഷ്ട്രൻ ലോഭത്തിന്റെയും വിനാശഭയത്തിന്റെയും മദ്ധ്യത്തിൽ കിടന്നു ചാഞ്ചാടുകയായിരുന്നു. ഗാന്ധാരീ! പിതാമഹനും ദ്രോണനും, പാണ്ഡവന്മാരും കൗരവന്മാരും തമ്മിൽ നടക്കാൻപോകുന്ന യുദ്ധത്തിന്റെ ഒരു ചിത്രം എന്റെ മുമ്പിൽ വെച്ചു. പാണ്ഡവന്മാരെ സന്തോഷിപ്പിക്കണമെന്നു് അവർ എന്നെ ഉപദേശിച്ചു. എന്റെ മനസ്സ് അലിയുകതന്നെ ചെയ്തു. എന്റെ പുത്രന്മാരുടെ നാശം അടുത്തിരിക്കുന്നുവെന്നു് ഞാൻ മനസ്സിലാക്കി. തന്നിമിത്തം സന്ധിചെയ്യുവാൻ തയ്യാറായി. എന്നാൽ അത്യന്തം ദുർബ്ബലനാണല്ലോ ഞാൻ! ആദ്യംമുതല്ക്കുതന്നെ എന്റെ സ്വഭാവത്തിന്നു് ഒരു പ്രത്യേകതയുണ്ടായിരുന്നു. കുറച്ചുനേരമെല്ലാം ദൃഢചിത്തനായി ഞാൻ ഇരിക്കും. എന്നാൽ ദുര്യോധനൻ വന്നു് ഭീഷണിപ്പെടുത്തിയാൽ എന്റെ സകല ശക്തിയും നശിക്കും. പിന്നീടു് അവന്റെ കൊട്ടിനൊത്തു് തുള്ളുകയും ചെയ്യും. ദുര്യോധനനെ തടയുവാൻ എനിക്കു സാധിച്ചില്ല അവന്നു് നീരസം തോന്നിക്കുന്ന യാതൊന്നുംതന്നെ പറയുവാനോ ചെയ്യുവാനോ

എനിക്കു ശക്തിയുണ്ടായിരുന്നില്ല ഒരുപക്ഷെ, ദുര്യോധനന്റെ തന്ത്രങ്ങളോട് ആനുകൂല്യമുള്ളതുകൊണ്ടായിരിക്കണം എന്റെ മനോഭാവം ഇങ്ങനെയായിത്തീർന്നത്. എന്നാൽ ഞങ്ങൾ രണ്ടുപേരുംതമ്മിൽ ഒരു വ്യത്യാസമേയുള്ളൂ. ദുര്യോധനൻ തുറന്നുപറയുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നു; ഞാൻ എല്ലാം ഉള്ളിൽ ഒതുക്കിവെയ്ക്കും. പുറമേയ്ക്കു പ്രകടിപ്പിക്കുവാൻ എനിക്കു ധൈര്യമുണ്ടായിരുന്നില്ല.

സഞ്ജയാ! ശ്രീകൃഷ്ണന്റെ രഥത്തിന്റെ ശബ്ദമല്ലേ കേൾക്കുന്നത്? ആ ദിവസം എനിക്കൊരിക്കലും മറക്കുക സാദ്ധ്യമല്ല. ശ്രീകൃഷ്ണൻ സന്ധിസംഭാഷണത്തിന്നായി വന്ന ആ ദിവസം! അന്ന് ഹസ്തിനപുരിയിലെങ്ങും ബഹളമായിരുന്നു. എന്റെ പുത്രന്മാർക്കുണ്ടായ അസ്വാസ്ഥ്യം ഇത്രയെന്നു പറയുവാൻ പ്രയാസം. ഭീഷ്മനും ദ്രോണനും സന്ധിചെയ്യണമെന്ന ആഗ്രഹത്തോടുകൂടിയായിരുന്നു ഇരുന്നിരുന്നത്. ശ്രീകൃഷ്ണൻ വന്ന് എന്താണു ചെയ്യാൻപോകുന്നതെന്നും ഞങ്ങളുടെ സ്ഥിതി എന്തായിത്തീരുമെന്നും മററും അറിയുവാൻ എനിക്കു വളരെ ഉൽക്കണ്ഠയുണ്ടായിരുന്നു. ശകുനിയും ദുര്യോധനനും അന്നു മുഴുവനും സ്വകാര്യമായി കൂടിയാലോചന നടത്തുകയായിരുന്നു. ദുര്യോധനൻ ഇടയ്ക്കിടെ എന്റെ അടുത്തുവന്ന് 'അച്ഛാ! ദുഷ്ടനായ ഈ കൃഷ്ണന്റെ വാക്കു കേൾക്കരുതേ' എന്നു പറഞ്ഞിരുന്നു. ഗാന്ധാരീ! അന്ന് നീതന്നെ എന്റെ അടുക്കൽ വന്ന് എന്തെല്ലാം പറഞ്ഞു! ദുര്യോധനനെ ത്യജിക്കണമെന്നുകൂടി നീ പറയുകയുണ്ടായി. പക്ഷേ, എനിക്കതു സാധിച്ചില്ല. എന്റെ മനസ്സിന്റെ അഗാധതയിൽ ദുര്യോധനൻ തന്റെ പരിശ്രമത്തിൽ വിജയംനേടുകയും പാണ്ഡവന്മാർ നശിക്കുകയും ചെയ്യുമെന്ന വിചാരമായിരുന്നു അപ്പോൾ കുടികൊണ്ടിരുന്നത്.

സഞ്ജയാ! ശ്രീകൃഷ്ണൻ രാജസഭയിൽവെച്ചു് പാണ്ഡവന്മാരുടെ കാര്യത്തെപ്പററി നമുക്ക വിവരിച്ചുതന്നു. അപ്പോറം പാണ്ഡവന്മാരുമായി യുദ്ധംചെയ്യുന്നതിൽ യാതൊരത്ഥവുമില്ലെന്നു് അല്പനേരത്തേയ്ക്കു് എനിക്കും തോന്നി. എന്നാൽ ദുര്യോധനൻെറ മനസ്സു മാററുന്നതിനുള്ള ശക്തി എന്നിൽ ഉണ്ടായിരുന്നില്ല. ഞാൻ അവനെ വളരെ ഉപദേശിച്ചു. പാണ്ഡവന്മാരുടെ ശക്തിയെപ്പററി അവനു വിവരിച്ചുകൊടുത്തു. യുദ്ധത്തിൻെറ ഭീകരതയെപ്പററി പറഞ്ഞു മനസ്സിലാക്കി. പക്ഷേ, യാതൊരു ഫലവുമുണ്ടായില്ല. മരണത്തെ അവൻ ലേശംപോലും ഭയപ്പെട്ടിരുന്നില്ല. ഹസ്തിനപുരിയിലെ സിംഹാസനം ലഭിക്കുന്നതിനുവേണ്ടി അവൻ എന്തു സാഹസവും പ്രവത്തിക്കുവാൻ സന്നദ്ധനായിരുന്നു. ശത്രുവുമായി സന്ധിചെയ്തു് അപമാനിതനാവുന്നതിനേക്കാറം ഭേദം യുദ്ധംചെയ്തു മരിക്കുകയാണെന്നു് അവൻ വിശ്വസിച്ചു. അവൻെറ വാദങ്ങറംക്കു മറുപടി പറയുവാൻ എനിക്കു സാധിച്ചില്ല. ദുര്യോധനൻെറ ദുഷ്ടസ്വഭാവത്തിന്നു് വീരതയും ഓജസ്സുമുണ്ടായിരുന്നു. എൻെറ ദുഷ്ടതയാകട്ടെ, രോഗികളെപ്പോലെ ദുർബ്ബലവുമായിരുന്നു. ഗാന്ധാരീ! നിൻെറ പരിശുദ്ധിയ്ക്കു് ഓജസ്സുണ്ടു്. ആ ഓജസ്സു് ദുര്യോധനൻെറ ദുഷ്ടസ്വഭാവത്തിന്നും ഉണ്ടു്. എന്നാൽ ഞാൻ ദുർബ്ബലചിത്തനും ദുഷ്ടതയുടെ അടിമയുമാണു്. ദുര്യോധനനുണ്ടായിരുന്നതുപോലെ ബലവത്തായ ദുഷ്ടത എനിക്കുണ്ടായിരുന്നുവെങ്കിൽ എൻെറ പാപങ്ങറം ഇതിനു് എത്രയോ മുമ്പു് അവസാനിക്കുമായിരുന്നു. ഈശ്വരസൃഷ്ടിയിൽ എണ്ണപ്പെടുവാൻ ഞാൻ യോഗ്യനാവുകയും ചെയ്യുമായിരുന്നു. എന്നാൽ ഇന്നു് ഞാൻ ഇവിടെ കിടന്നു തപിക്കുകയാണു്. എൻെറ കമ്മങ്ങറം ഓരോന്നും എൻെറ മുമ്പിൽ വന്നുനില്ക്കുന്നു. അവയെപ്പററി കുന്തിയോടു പറ

ഞ്ഞാലെങ്കിലും അല്പം സമാധാനം കിട്ടുമോ എന്ന ആശ യാണ് എനിക്കുള്ളത്.

കുന്തീ! ശ്രീകൃഷ്ണൻ വരികയും പോകുകയും ചെയ്തു. അദ്ദേഹം ഒരു കൈയിൽ സന്ധിയും മററെക്കൈയിൽ യുദ്ധ വും ആയിട്ടാണു വന്നിരുന്നതു്. സന്ധിയുണ്ടായിരുന്ന കൈയ് അദ്ദേഹം എൻെറനേക്കു നീട്ടി. പക്ഷേ, അന്ധ നായ എനിക്കു് അതു പിടിക്കുവാൻ കഴിഞ്ഞില്ല. ശ്രീകൃ ഷ്ണൻെറ മഹത്വത്തെയും ബുദ്ധിശക്തിയേയുംപററി അറി യുന്നതിന്നു് പാപപങ്കിലമായ എൻെറ ഹൃദയം തയ്യാറാ യില്ല. എൻെറ പുത്രന്മാരുടെ മരണവാറണ്ടു് എഴുതപ്പെ ട്ടുകഴിഞ്ഞിരുന്നു എന്നു പറഞ്ഞാൽ മതിയല്ലോ. ശ്രീകൃഷ്ണാ! അങ്ങു പറഞ്ഞതാണു് യഥാർത്ഥമായി ഭവിച്ചതു്. അന്ധ നായ ധൃതരാഷ്ട്രന്നു് കുരുകുലത്തിന്നു സംഭവിക്കുവാൻ പോകുന്ന നാശത്തെ കണ്ടറിയുവാൻ കഴിഞ്ഞില്ല. ഇന്നു നിങ്ങളെല്ലാവരും അവനവൻെറ മാർഗ്ഗത്തിൽക്കൂടി മുമ്പോട്ടു പോകുന്നുണ്ടു്. എന്നാൽ ഞാനാകട്ടെ സ്വന്തം കൈകൊ ണ്ടു വരുത്തിവെച്ച ഭയങ്കരമായ നാശത്തേയും നോക്കിക്കൊ ണ്ടു് തനിയേ നില്ക്കുകയാണു്. ശ്രീകൃഷ്ണാ! അങ്ങയേയും എനിക്കറിയുവാൻ കഴിഞ്ഞില്ല. ഈ യുഗത്തിലെ മഹാ പുരുഷനാണു് അങ്ങെന്നു് ഞാൻ മനസ്സിലാക്കിയില്ല. പാണ്ഡവന്മാരുടെ ബന്ധുവും അർജ്ജുനൻെറ സ്നേഹിതനും ആണു് അങ്ങു് എന്നു മാത്രമേ ഞാൻ കരുതിയുള്ളു. പാണ്ഡവന്മാരുടെയും എൻെറ പുത്രന്മാരുടെയും ക്ഷത്രിയ സമുദായത്തിൻെറയും ഭാരതവർഷത്തിൻെറയും ക്ഷേമത്തിന്നു വേണ്ടിയായിരുന്നു അങ്ങു് സംസാരിച്ചിരുന്നതു്. അന്നു് എനിക്കു് ഇതൊന്നും മനസ്സിലായിരുന്നില്ല. എൻെറ പുത്രന്മാരുടെ നന്മ പാണ്ഡവന്മാരുടെ തിന്മയും പാണ്ഡവ ന്മാരുടെ നന്മ എൻെറ പുത്രന്മാരുടെ തിന്മയും ആണെന്നു മാത്രമേ ഞാൻ ധരിച്ചിരുന്നുള്ളു. ഗാന്ധാരീ! ഇന്നലെവരെ

അതുതന്നെയായിരുന്നു എൻെറ വിചാരം. നിൻെറ മഹത്വമാണു് എൻെറ മനസ്സിനു മാററമുണ്ടാക്കിയതു്. വ്യക്തിയുടെയും സമുദായത്തിൻെറയും മനുഷ്യവംശത്തിൻെറയും താൽപര്യങ്ങൾക്കു തമ്മിൽ വൈരുദ്ധ്യമുണ്ടാവുകയില്ലെന്നു് ഇന്നു ഞാൻ മനസ്സിലാക്കുന്നു. അവ വിരുദ്ധമാണെന്നു തോന്നുന്നതു് ഒന്നുകിൽ ദൃഷ്ടിദോഷംകൊണ്ടായിരിക്കണം, അല്ലെങ്കിൽ നന്മതിന്മകളെക്കുറിച്ചുള്ള നിഗമനത്തിൽ തെററു പററിയതുകൊണ്ടായിരിക്കണം. ശ്രീകൃഷ്ണൻ കൌരവസഭയിൽവെച്ചു് സിംഹനാദം മുഴക്കുകയുണ്ടായി. പക്ഷേ, ഞാൻ ചെവി പൊത്തിയിരുന്നു. പിന്നെ എങ്ങനെ കേൾക്കും? ഇന്നു് ശ്രീകൃഷ്ണനെക്കുറിച്ചു് ഏററവുമധികം ഓർമ്മവരികയാണു്.

കുന്തീ! ശ്രീകൃഷ്ണൻ നിന്നെയും കണ്ടിരുന്നുവെന്നു് ചാരന്മാർമുഖേന എനിക്കു വിവരം ലഭിച്ചു. നിൻെറ മനസ്സിനു് തീപ്പിടിച്ചിരുന്ന ഒരു ഘട്ടമായിരിക്കണം അതു്. പതിമൂന്നു കൊല്ലങ്ങൾക്കുശേഷം വനവാസം കഴിഞ്ഞു തിരിച്ചെത്തിയ സിംഹസമരായ തൻെറ മക്കൾക്കു് എന്നെപ്പോലെ ഗുണകാംക്ഷിയായിട്ടുള്ള വലിയച്ഛൻ രാജ്യത്തിൻെറ പകുതിഭാഗംപോലും കൊടുക്കുവാൻ തയ്യാറില്ലെന്നറിയുമ്പോൾ ഒരു ക്ഷത്രിയസ്ത്രീയുടെ ഹൃദയത്തിൽ സ്വാഭാവികമായി ഉണ്ടാകുന്ന വികാരങ്ങളെപ്പററി ഊഹിക്കുവാൻ എനിക്കു സാധിക്കും. കുന്തീ! പാണ്ഡവന്മാർക്കു് അഞ്ചു ഗ്രാമങ്ങൾപോലും നല്കുവാൻ ഞാൻ തയ്യാറായില്ല. ഇത്ര വളരെ ലോഭം എൻെറ മനസ്സിൽ ഉണ്ടായതെങ്ങനെയെന്നു് ഞാൻ അത്ഭുതപ്പെടുകയാണു്. ആ ദുര്യോധനൻ ഇന്നു് ഹസ്തിനപുരിയെ എല്ലാം ഉപേക്ഷിച്ചു് ഭൂമിയുടെ ഒരു മൂലയിൽ കേവലം ആറടിമണ്ണിൽ നിത്യവിശ്രമംകൊള്ളുകയാണു്. ശ്രീകൃഷ്ണൻ തൻെറ ആവശ്യം ഉന്നയിച്ചപ്പോൾ അവൻ പറഞ്ഞതു് സൂചികുത്താനുള്ള സ്ഥലംപോലും പാണ്ഡവന്മാർക്കു കൊടുക്കുകയില്ലെന്നാണു്. ഇന്നു് ആപത്തിൽ അകപ്പെട്ട

ഞാൻ ഈ ആശ്രമത്തിൽ വന്നു് മരണത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയാണു്. പക്ഷെ, അന്നു് പാണ്ഡവന്മാക്ക് പകുതി രാജ്യം കൊടുക്കുന്ന കാര്യത്തിൽ എനിക്കും സമ്മത മുണ്ടായിരുന്നില്ല. ലോഭം എത്ര ഭയങ്കരമായ ഒന്നാണു്! എൻെറ പുത്രന്മാരോ പാണ്ഡവന്മാരോ ആരെങ്കിലും രാജ്യം ഭരിച്ചുകൊള്ളട്ടെ എന്നു കരുതിയാൽ മതിയായി യിരുന്നു. ഭേദബുദ്ധി ആവശ്യമുണ്ടായിരുന്നില്ല. ഗാന്ധാരീ! കുഴപ്പങ്ങൾ തീരുകയുണ്ടായില്ല. കൌരവന്മാർ ജയിച്ചാൽ എനിക്കു സന്തോഷമായി; പാണ്ഡവന്മാർ ജയിച്ചാൽ സന്താപവും. ഒന്നു് എൻേറതാണു്. മറേറതു് അന്യ ൻെറയും. ആരാണു് ഇതെല്ലാം ഉപദേശിച്ചുതരുന്നതു്!

എന്നാൽ അതല്ല വാസ്തവം. അധികാരം വളരെ ദുഷിച്ച ഒന്നാണു്. ഒരിക്കൽ അധികാരം കിട്ടിക്കഴിഞ്ഞാൽ പിന്നെ അതു തലയ്ക്കു മത്തുപിടിപ്പിക്കും. മനുഷ്യനു ശക്തി ലഭിച്ചാൽ മാത്രം പോരാ; അതിനെ ഉപയോഗി ക്കുവാൻ അറിവുമുണ്ടാകണം. അതില്ലാതെ പോകുന്നതാ ണു കഷ്ടം. ദ്രവ്യം, രാജ്യം, തപസ്സ്, വിദ്യ, ശരീരം എന്നീ ശക്തികളിലെല്ലാം മനുഷ്യർ അഹങ്കരിക്കുന്നു. വലിയ വലിയ ആളുകൾപോലും തന്നിമിത്തം ഭ്രാന്തന്മാരെപ്പോ ലെയായിത്തീരുന്നു. എനിക്കു രാജ്യാധികാരം കിട്ടിയ ഉടനെ എൻെറ പുത്രന്മാരുടെ തലതിരിഞ്ഞു. രാജ്യം ലഭിക്കുന്നതിനു ശക്തി ആവശ്യമാണു്. എന്നാൽ ആവ ശ്യമായിവരുന്നപക്ഷം രാജ്യത്തെ ത്യജിക്കുന്നതിനു് അതി ലധികം ശക്തിയുണ്ടായിരിക്കണം. അങ്ങനെ രാജ്യം പിടിച്ചടക്കുവാനും ത്യജിക്കുവാനും സന്നദ്ധതയുള്ളവക്കു മാത്രമേ രാജ്യാധികാരം ഏറെറടുക്കുന്നതിനുള്ള അർഹതയു ള്ളു. മററുള്ളവരെല്ലാം രാജ്യത്തിൻെറ ദാസന്മാരാണു്. അങ്ങനെ നോക്കിയാൽ ഞാനും എൻെറ പുത്രന്മാരും രാജ്യത്തിൻെറ അടിമകളായിരുന്നുവെന്നു കാണാം. പാണ്ഡ

വന്മാക്ക് രാജ്യം പിടിച്ചടക്കാനും ത്യജിക്കാനുമുള്ള ശക്തിയുണ്ടായിരുന്നു. അതുകൊണ്ട് ഹസ്തിനപുരിയുടെ യഥാർത്ഥനാഥന്മാർ അവരായിരുന്നു.

കുന്തീ! യഥാർത്ഥത്തിൽ എനിക്കു രാജ്യാധികാരം ഉണ്ടായിരുന്നില്ല. രാജ്യകാര്യങ്ങൾ നോക്കിനടത്തുന്നതിനുള്ള ഒരാൾ മാത്രമായിരുന്നു ഞാൻ. ഒരുതുള്ളി വിയർപ്പു പോലും പൊടിയാതെയാണ് എനിക്കു ഭരണാധികാരം കിട്ടിയത്. രാജകീയസുഖങ്ങൾ മാത്രം എനിക്കു കിട്ടി. ക്ലേശങ്ങൾ അനുഭവിക്കേണ്ട സന്ദർഭം ഉണ്ടായിരുന്നില്ല. എന്റെ പുത്രന്മാരുടെ കാര്യത്തിലും അതുതന്നെയാണ് സംഭവിച്ചത്. ജനിച്ച ഉടൻതന്നെ അവർ രാജകുമാരന്മാരായിത്തീർന്നു. രാജകുമാരന്മാക്കുണ്ടാകുന്ന സുഖപൂർണ്ണമായ ജീവിതം അവക്കും ലഭിച്ചു. അങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയിൽ വലിയ രാജാക്കന്മാരുടെ പിൻതുടച്ചക്കാരിൽ കണ്ടുവരുന്ന ദൌർബ്ബല്യവും ലോഭവും ഈർഷ്യയും അഹങ്കാരവുമെല്ലാം അവരിലും പ്രത്യക്ഷപ്പെട്ടു. അതിന്റെ ഫലമാണ് അവർ അനുഭവിച്ചത്. എന്റെ പുത്രന്മാർ പാണ്ഡവന്മാരെ ദ്രോഹിക്കുകയും കാട്ടിലേയ്ക്കു പറഞ്ഞയയ്ക്കുകയുംചെയ്തു. വനവാസംകൊണ്ടും ക്ലേശസഹനംകൊണ്ടും പാണ്ഡവന്മാർ തേജസ്വികളായിത്തീർന്നു. യഥാത്ഥമായ ക്ഷാത്രവീര്യം അവരിൽ ഉൽപന്നമായി. അങ്ങനെ എന്റെ പുത്രന്മാരാണ് പാണ്ഡവന്മാരെ തേജസ്വികളാക്കിത്തീത്തത് എന്നു പറയുന്നതിൽ തെററില്ല. എന്നാൽ ഇന്നാണ് ഇതെല്ലാം അറിയുന്നത്. അന്നു പാണ്ഡവന്മാരോടു പകവീട്ടുന്ന കാര്യത്തിൽ എനിക്കും സന്തോഷം തോന്നിയിരുന്നു; അങ്ങനെ ചെയ്യുന്നതിൽ ചാരിതാത്ഥ്യം തോന്നിയിരുന്നു. ഇന്ന്, ജീവിതത്തിലെ ഈ അന്തിമഘട്ടത്തിൽ, വിദ്വേഷബുദ്ധിയോടുകൂടി പ്രവത്തിക്കുന്നവക്ക് എല്ലാം നഷ്ടപ്പെട്ടു പോകുമെന്ന് ഞാൻ മനസ്സിലാക്കുന്നു. അന്ന് ഒരാൾ

പറഞ്ഞുതന്നാൽപോലും ഞാൻ വിശ്വസിക്കുമായിരുന്നില്ല. എന്തെന്നാൽ ഹസ്തിനപുരിയിലെ സിംഹാസനത്തിൻെറ മുകളിൽ ആയിരുന്നു ഞാൻ ഇരുന്നിരുന്നത്.

അങ്ങനെ ശ്രീകൃഷ്ണൻ മടങ്ങിപ്പോയി. യുദ്ധം ഉണ്ടാവുമെന്നു തീച്ചപ്പെട്ടു. പിന്നീടുണ്ടായ കാര്യങ്ങളെപ്പററി നിങ്ങൾക്കെല്ലാവക്കും അറിയാവുന്നതാണല്ലോ. പതിനെട്ടു ദിവസത്തെ ചരിത്രം സഞ്ജയൻ എന്നോടു പറഞ്ഞു. യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ എൻെറ മനസ്സിൽ പല പ്രതീക്ഷകളും ഉണ്ടായിരുന്നു. ഭീഷ്മർ പാണ്ഡവന്മാരെ മുഴുവൻ നിഗ്രഹിച്ചുവെങ്കിൽ എൻെറ പുത്രന്മാക്ക് രാജ്യം കിട്ടുമല്ലോ എന്നു ഞാൻ ആശിച്ചു. ദ്രോണനോ കണ്ണനോ അജ്ജുനനെ വധിച്ചാൽ മററു പാണ്ഡവന്മാർ പിൻതിരിഞ്ഞോടുമെന്നും ഞാൻ പ്രതീക്ഷിച്ചിരുന്നു എന്നാൽ ശ്രീകൃഷ്ണനും അർജ്ജുനനും ഉള്ള ഭാഗം ജയിക്കുമെന്ന് എൻെറ മനസ്സിൽ ആരോ മന്ത്രിച്ചുകൊണ്ടിരുന്നു. ദുര്യോധനൻ യുദ്ധത്തിനു പോകുന്നതിനുമുമ്പ് ഗാന്ധാരിയുടെ അനുഗ്രഹം വാങ്ങുവാൻ പോയി. പക്ഷേ, അവനതു ലഭിക്കുകയുണ്ടായില്ല. ഗാന്ധാരി സത്യത്തിൻെറ അവതാരമാണ്. ഞാൻ ഭത്താവാണെങ്കിലും അവളുടെ സത്യസന്ധതയെ ഞാൻ ബഹുമാനിക്കുന്നു. ദുഷ്ടമായ എൻെറ മനസ്സിന് ഗാന്ധാരിയോടടുക്കുവാൻ ഭയമാണ്. ഏതായാലും ഗാന്ധാരി ദുര്യോധനനെ അനുഗ്രഹിച്ചില്ല. ധമ്മമുള്ള ഭാഗം വിജയിക്കും എന്നുമാത്രം പറഞ്ഞു. അപ്പോൾതന്നെ എൻെറ ആശ മുഴുവൻ നശിച്ചു. ഗാന്ധാരിയുടെ വാക്കിനു് അത്രമാത്രം ശക്തിയുണ്ട്.

സംഭവിച്ചതും അതുതന്നെയാണ്. പതിനെട്ടു ദിവസങ്ങൾക്കുള്ളിൽ പലപ്പോഴും എനിക്കു ശുഭപ്രതീക്ഷകൾക്കിടം നല്കുന്ന വത്തമാനങ്ങൾ കിട്ടിക്കൊണ്ടിരുന്നു. ഭീഷ്മപിതാ

മഹൻ പാണ്ഡവന്മാരെ സംഹരിക്കാമെന്ന ദുര്യോധനന്റെ വാക്കുകൊട്ടത്തിട്ടുണ്ടെന്ന കേട്ടപ്പോൾ അല്പസമയത്തേയ്ക്കു ദുര്യോധനന്റെ വിജയത്തിൽ എനിക്കു തികച്ചും വിശ്വാസമുണ്ടായിരുന്നു. ദ്രോണാചാര്യൻ സുഭദ്രാപുത്രനായ അഭിമന്യുവിനെ ചക്രവ്യൂഹത്തിൽപ്പെടുത്തി വധിച്ചപ്പോഴും ജയദ്രഥനെ വധിച്ചില്ലെങ്കിൽ താൻ ആത്മഹത്യചെയ്യുമെന്നു് അർജ്ജുനൻ പ്രതിജ്ഞചെയ്തപ്പോഴും എനിക്കു വളരെ ആശ്വാസമുണ്ടായിരുന്നു. അർജ്ജുനൻ ആത്മഹത്യ ചെയ്യുമെന്നുതന്നെയായിരുന്നു ഞാൻ പ്രതീക്ഷിച്ചിരുന്നതു്. കർണ്ണൻ യുധിഷ്ഠിരനെ മുറിവേല്പിക്കുകയും പാണ്ഡവന്മാരുടെ ശിബിരത്തിൽവെച്ചു് അർജ്ജുനൻ യുധിഷ്ഠിരനെ വധിക്കുവാൻ പുറപ്പെടുകയും ചെയ്തു എന്നു കേട്ടപ്പോൾ എന്റെ മനസ്സു് തണുത്തു. എന്റെ പുത്രന്മാർ ജയിക്കുമെന്ന പ്രതീക്ഷ എന്നിൽ ഉണ്ടായി. ഗുരുപുത്രനായ അശ്വത്ഥാമാവു് രാത്രിസമയത്തു പാണ്ഡവന്മാരുടെ ശിബിരത്തിൽ പ്രവേശിച്ചു പാഞ്ചാലന്മാരെ കൂട്ടക്കൊലചെയ്തപ്പോൾ എനിക്കു തോന്നിയതു് പാണ്ഡവന്മാർ നിരാശരായി ആത്മഹത്യചെയ്തുകളയുമെന്നാണു്. അങ്ങനെ മരണശയ്യയിൽ കിടക്കുന്ന ദുര്യോധനനു് ആ വർത്തമാനം കേട്ടിട്ടെങ്കിലും സന്തോഷിക്കാമല്ലോ എന്നു ഞാൻ കരുതി. എന്നാൽ എന്റെ ആശകളെല്ലാം തകർന്നുപോയി. ദുര്യോധനൻ അസംതൃപ്തനായിട്ടുതന്നെ മൃതിയടഞ്ഞു. യുദ്ധാവസാനത്തിൽ ശ്രീകൃഷ്ണൻ എന്റെ അടുത്തു വരികയുണ്ടായി.

ഗാന്ധാരീ! ശ്രീകൃഷ്ണൻ എന്റെ ഹൃദയത്തെ തകർത്തുകളഞ്ഞു. അതുവരെയുണ്ടായിരുന്ന പ്രതീക്ഷകളെല്ലാം അസ്തമിച്ചു. അങ്ങനെ ധൃതരാഷ്ട്രന്റെ ആശകൾ മുഴുവൻ നശിച്ചു. ഹൃദയം വജ്രത്തെപ്പോലെ കഠിനമായിത്തീർന്നു. അന്നു ദുര്യോധനന്റെ നഷ്ടം എന്നെ കരയിച്ചില്ല. ഒരുതുള്ളി വെള്ളംപോലും കണ്ണിൽ പൊടിഞ്ഞില്ല. ഞാൻ

മൂകനായി ഇരുന്നു. സഞ്ജയൻ വൈദ്യനെ വിളിച്ചുകൊണ്ടു വന്നു. വൈദ്യൻ എന്നെ കരയിക്കുവാൻവേണ്ടി പലതും ചെയ്തു. പക്ഷെ ഫലമുണ്ടായില്ല. പാറ കുഴിച്ചു വെള്ളം കാണിക്കണമെന്നു വിചാരിക്കുന്നതു വെറുതെയല്ലേ?

നൂറു പുത്രന്മാരെ ഞാൻ യുദ്ധത്തിനു തീൻതള്ളി. എന്നിട്ടും എന്റെ പാപങ്ങളെ കണ്ടറിയുന്നതിനുള്ള ശക്തി എനിക്കുണ്ടായില്ല. ശ്രീകൃഷ്ണൻ പറഞ്ഞ വർത്തമാനങ്ങൾ കേട്ടപ്പോൾ ഗാന്ധാരിക്കു വളരെ ദുഃഖമുണ്ടായി. എന്നാൽ അവൾ യോഗമായയാണല്ലോ. ഉരുക്കിയെടുത്ത സ്വർണ്ണംപോലെയാണു് അവളുടെ ജീവിതം. അതിൽ കലർപ്പോ മാലിന്യമോ ഇല്ല. അതുകൊണ്ടു് ദുര്യോധനന്റെ മരണവാർത്ത കേട്ടിട്ടുപോലും അവൾക്കു കുലുക്കമുണ്ടായില്ല. അതു സ്വാഭാവികം മാത്രമായിരുന്നു.

കുന്തീ! ലോഭിയായ ധൃതരാഷ്ട്രനെപ്പററി നിനക്കറിഞ്ഞുകൂടാ. എന്റെ സ്വപ്നങ്ങളെല്ലാം തകൎന്നു. ആശകൾ മണ്ണോടു ചേൎന്നു. മനോരഥങ്ങൾ മനസ്സിൽതന്നെ ലയിച്ചുപോയി. എന്നിട്ടും പാണ്ഡവന്മാർ ഹസ്തിനപുരിയിൽ വന്നപ്പോഴും യുധിഷ്ഠിരൻ എന്റെ പാദസ്പൎശംചെയ്തു വന്ദിക്കുവാൻവേണ്ടി വന്നപ്പോഴും ഞാൻ അവരെയെല്ലാം ശപിക്കുകയാണു ചെയ്തതു്. അവർ നശിച്ചുപോകട്ടെ എന്നു ഞാൻ പ്രാൎത്ഥിച്ചു. എന്നാൽ ധൃതരാഷ്ട്രന്റെ ശാപത്തിനു് എന്തു വിലയാണുള്ളതു്! ഗാന്ധാരിയുടെ ശാപം ശ്രീകൃഷ്ണനപോലും ഫലിച്ചു. എന്നാൽ എന്റെ ശാപമാകട്ടെ ആൎക്കുംതന്നെ തട്ടുകയില്ല. എന്റെ പുത്രന്മാരെല്ലാം നശിച്ചതോടുകൂടി ലോകം മുഴുവൻ ശൂന്യമായി എനിയ്ക്കു തോന്നി. ജീവിയ്ക്കുവാൻപോലും രസമില്ലാതായി. കുറച്ചുകാലംകൂടി എങ്ങനെയെങ്കിലും കഴിച്ചുകൂട്ടണമല്ലൊ. ദുര്യോധനൻ പോയി. പക്ഷേ, എന്റെ ദുഷ്ടതയെ അവൻ

കൊണ്ടുപോയില്ല. എന്റെ പുത്രന്മാരെല്ലാവരും പോയി. അവരിൽ ആരുംതന്നെ മടങ്ങിവന്ന് ഹസ്തിനപുരിയിലെ സിംഹാസനത്തിൽ ഇരിയ്ക്കുവാൻപോകുന്നില്ലെന്ന് എനിയ്ക്കു നല്ലപോലെ അറിയാം. എന്നിട്ടും ഭീമനോട്ട് ഞാൻ കപടമായ സ്നേഹം പ്രദർശിപ്പിച്ച് ആയാളെ ആലിംഗനം ചെയ്തു കൊല്ലുവാൻ നോക്കി. അതും ഫലിക്കുകയുണ്ടായില്ല. ഭീമന്റെ ഇരുമ്പുകൊണ്ടുള്ള ഒരു പ്രതിമയെയാണ് ഞാൻ ആലിംഗനം ചെയ്തത്. മനുഷ്യശരീരന്റെ സ്പർശിച്ചറിയുവാൻപോലും സാധിക്കാത്ത ഒരു വിഡ്ഢിയാണ് ഞാൻ. എന്റെ അവസാനന്റെ ദുഷ്കർമ്മമായിരുന്നു അത്.

പിന്നീടെന്തുണ്ടായി എന്ന് നിങ്ങൾക്കെല്ലാം അറിയാം. ജീവിതം മുഴുവൻ ഞാൻചെയ്ത ദുഷ്കർമ്മങ്ങളും വാത്സല്യത്തോടുകൂടി വളർത്തിക്കൊണ്ടുവന്ന ദുഷ്ടവിചാരങ്ങളും ഓരോന്നോരോന്നായി എന്റെ മുന്നിൽവന്നു നില്ക്കുവാൻ തുടങ്ങി. അവ എന്നെ ദംശിച്ചുകൊണ്ടിരുന്നു. അവ എന്നെ കുറേശ്ശയായി കാർന്നുതിന്നുകൊണ്ടിരിക്കുമെന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നില്ല. ഹസ്തിനപുരി മുഴുവൻ ഭൂതങ്ങളെക്കൊണ്ട് നിറഞ്ഞതായി എനിക്കു തോന്നി. അവർ എന്നോട്ട് സമാധാനം ചോദിക്കുകയാണ്. രാജധാനിയും അതിലെ മുറികളും കണ്ണാടികളും കട്ടിലുകളും സിംഹാസനവും മററലങ്കാരവസ്തുക്കളും വായും പൊളിച്ച് എന്റെനേക്ക് പാഞ്ഞടുക്കുന്നതായി എനിക്കു തോന്നി. ഇത്രയുംകാലം ജീവിച്ച ആ രാജധാനിയിൽ ഒരു നിമിഷംപോലും കഴിച്ചുകൂട്ടുക എന്നതു് എനിക്ക് ദുഷ്കരമായി തോന്നി. കുന്തീ! പാണ്ഡവന്മാർ എന്റെ ശുശ്രൂഷയിൽ യാതൊരു കുറവും വരുത്തിയില്ല. ദുര്യോധനനേക്കാൾ നന്നായി അവർ എന്റെ സുഖസൌകര്യങ്ങൾ നോക്കിവന്നു യുധിഷ്ഠിരന്ന് അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധയുണ്ടായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കീട്ടുണ്ട്. പക്ഷേ, എനിക്കു

ലഭിച്ചിരുന്ന സുഖസൌകര്യങ്ങൾ അത്യധികം അസഹ്യമായിട്ടാണു തോന്നിയതു്. അതുകൊണ്ടാണു് ഞാൻ വനവാസത്തിന്നായി ഇങ്ങോട്ടു പോന്നതു്.

കുന്തീ! ഇങ്ങോട്ടു വരുന്ന അവസരത്തിൽ ഞാൻ വിചാരിച്ചതു് ഹസ്തിനപുരിയിൽനിന്നു വിട്ടുപോന്നാൽ എല്ലാം മറക്കുവാൻ സാധിക്കുമെന്നായിരുന്നു അങ്ങനെ തപശ്ചര്യയിൽ മുഴുകി ജീവിക്കാമെന്നു് ഞാൻ കരുതി. എന്നാൽ അതെൻെറ തെററിദ്ധാരണയായിരുന്നു. ജീവിതം മുഴുവൻ നോക്കിവളത്തിക്കൊണ്ടുവന്ന എൻെറ സന്തതികൾ എന്നെ എളുപ്പത്തിൽ വിട്ടുപോകുന്നതെങ്ങനെ? എൻെറ ദുഷ്കർമ്മങ്ങൾ മസ്തിഷ്കത്തിൽ ചുററിസഞ്ചരിച്ചുകൊണ്ടിരിക്കുകയാണു്. അങ്ങനെ വിചിത്രമായ ചില അനുഭൂതികൾ അവ എന്നിൽ ഉണ്ടാക്കിത്തീക്കുന്നു.

കുന്തീ! ഇപ്പോൾ എൻെറ ഹൃദയം കുറെ ശാന്തമായി. ധൃതരാഷ്ട്രൻ തൻെറ യഥാർത്ഥരൂപത്തിൽ ഇപ്പോൾ നിൻെറ മുമ്പിൽ നില്ക്കുന്നു. നിന്നോടു് ഇതെല്ലാം പറയുന്നതിന്നുമുമ്പായി ഞാൻ മരിച്ചുപോയിരുന്നെങ്കിൽ നിങ്ങൾ എൻെറ ശരീരത്തെ ദഹിപ്പിക്കുമ്പോൾ ഈ മനസ്സ് ഒരു പ്രകാരത്തിലും ദഹിക്കാതെ അവശേഷിക്കുമായിരുന്നു. എന്നാൽ ഇന്നുതന്നെ ഞാൻ മരിക്കുകയാണെങ്കിൽ എനിക്കൊരു സമാധാനമുണ്ടു്, കുന്തിയോടു് ഞാൻ ഹൃദയം തുറന്നു സംസാരിച്ചിരിക്കുന്നു.

കുന്തി:—അങ്ങു് വളരെനേരമായി സംസാരിക്കുവാൻ തുടങ്ങിയിട്ടു്. തന്നിമിത്തം നന്നേ ക്ഷീണം തട്ടീട്ടുണ്ടു്. ഇനി കുറച്ചുനേരമെങ്കിലും കിടന്നുറങ്ങണം. കൂടുതൽ വല്ലതും പറയാനുണ്ടെങ്കിൽ രാവിലെ പറയാം.

ധൃതരാഷ്ട്രർ:—ഇല്ല. നിദ്രാറായില്ല. എനിക്കിനിയും പറയുവാനുണ്ടു്. പുതിയപുതിയ പല കാര്യങ്ങളും

പുറത്തേയ്ക്കു തള്ളിവരികയാണു്. എന്നാൽ നിന്ന ക്കളു കേൾക്കണമെന്നില്ല, അല്ലേ? ആകട്ടെ, ഞാൻ നിർത്തിക്കളയാം. നിങ്ങൾ മൂന്നുപേരും സുഖമായി ഉറങ്ങിക്കൊള്ളുവിൻ.

സഞ്ജയൻ:—മഹാരാജാവേ! ആദ്യമായി വേണ്ടതു് അങ്ങ് ഉറങ്ങുകയാണു്. പിന്നീട് ഞങ്ങളെല്ലാം ഉറങ്ങാം.

സഞ്ജയൻ അഭിപ്രായപ്പെട്ടതനുസരിച്ച് ധൃതരാഷ്ട്രർ കിടക്കയിൽ ചെന്നുകിടന്നു.

## അഗ്നിദേവൻെറ മടിയിൽ

ആശ്രമത്തിൽനിന്നു പെട്ടെന്ന് ഒരു നിലവിളി കേട്ടു:—"ഓടുവിൻ, ഓടുവിൻ; നാലുഭാഗത്തും കാട്ടുതീ പടൎന്നുപിടിച്ചിരിക്കുന്നു. ഓടി രക്ഷപ്പെടുവിൻ!"

നിലവിളി കേട്ട് സഞ്ജയൻ ഞെട്ടിഃപ്പായി. ആയാൾ പറഞ്ഞു:—"ദേവീ! കാട്ടുതി പിടിച്ചിരിക്കുന്നു. അതാണ് നിലവിളി കേൾക്കുന്നതു്. ഇനി നമ്മൾ എന്തുചെയ്യണം?"

ഗാന്ധാരി മറുപടി പറയുന്നതിനു മുമ്പായി ധൃതരാഷ്ട്രർ ഒന്നു തിരിഞ്ഞുകിടന്നുകൊണ്ടു പറഞ്ഞു:—"എന്തിനാണു് ദേവിയോടു ചോദിക്കുന്നതു്? ഈ ധൃതരാഷ്ട്രനോടു ചോദിച്ചാൽ പോരേ? സഞ്ജയാ! നീയൊരു ഭ്രാന്തനാണു്. കാട്ടുതീയെ ഈശ്വരൻ അയച്ചതാണ്. കുന്തീ! എനിക്ക് അപാരമായ ആനന്ദം തോന്നുന്നു. ഈശ്വരൻ എൻെറ പേരിൽ ഒരു കരുണചെയ്തു. അഗ്നിദേവാ! ഓടി വന്നാലും! ഈശ്വരൻ അങ്ങയ്ക്കു് പറക്കാനുള്ള ശക്തി നൽകട്ടെ. ഗാന്ധാരീ! നീയും കുന്തിയും സഞ്ജയനുംകൂടി ഇവിടെനിന്നു പോകുവിൻ. ഞാൻ ഈശ്വരകൃപയെ

ആശ്ലേഷിച്ച് ചരിതാർത്ഥനായിത്തീരട്ടെ. സഞ്ജയാ! ഉട നേ പോകണം."

കുന്തി:—മഹാരാജാവേ! എനിക്ക് സഞ്ജയൻെറ ഒന്നിച്ചു പോകേണ്ടതില്ല. മററു രക്ഷാസങ്കേതങ്ങൾ അന്വേഷിക്കേണ്ടതുമില്ല. അതായിരുന്നു എൻെറ ആഗ്രഹമെങ്കിൽ സ്വന്തം പുത്രന്മാരെ ഉപേക്ഷിച്ച് ഞാൻ അങ്ങയുടെക്കൂടെ വരുമായിരുന്നില്ല. ഞാൻ വൃഷ്ണികുലത്തിലെ കന്യകയാണ്. എൻെറ സഹോദരനായ ശ്രീകൃഷ്ണൻ ലോകത്തെയെല്ലാംസംഹരിപ്പിച്ചു. പിന്നീട് ഒരു വൃക്ഷച്ചുവട്ടിൽ ഇരിയ്ക്കുമ്പോൾ ഒരു വേടൻെറ അമ്പുകൊണ്ട് മരിച്ചുപോകുകയും ചെയ്തു. ഞാൻ പാണ്ഡുവിൻെറ പത്നിയാണ്. യുധിഷ്ഠിരനെ രാജാവാക്കി വാഴിച്ചതിനുശേഷമാണ് ഇങ്ങോട്ടു വന്നിട്ടുള്ളത്. അതിനാൽ എനിക്കിനി യാതൊരു ആഗ്രഹവുമില്ല. മരണം ഇന്നു നമ്മെ സ്വാഗതം ചെയ്യുവാൻവേണ്ടി വരികയാണ്. മഹാരാജാവും ഗാന്ധാരിയും അതിന്നൊരുങ്ങിയിട്ടാണു നില്ക്കുന്നത്. പിന്നെ എനിക്കെങ്ങനെ പിൻമാറാൻ കഴിയും? ലോകസുഖങ്ങൾ മുഴുവൻ ഞാൻ അനുഭവിച്ചിട്ടുണ്ട്; ദുഃഖങ്ങൾ സഹിച്ചിട്ടും ഉണ്ട്. ഇനി യാതൊന്നിനും എനിക്കു മോഹമില്ല. അങ്ങയുടെ ഒന്നിച്ച് ഞാൻ ഹസ്തിനപുരിയെ ഉപേക്ഷിച്ചു. ഇനി അങ്ങയുടെക്കൂടെത്തന്നെ ഈ ലോകത്തേയും ഞാൻ വെടിയുവാൻ തീർച്ചയാക്കിയിരിക്കുന്നു. ഞാൻ അതിനെ ഒരു ഭാഗ്യമായി കരുതുന്നു. സഞ്ജയാ! നീ ഉടൻതന്നെ പോകണം.

ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഉഷ്ണക്കാററ് ശക്തിയായി അടിച്ചു. കാട്ടുതീ കത്തിപ്പിടിച്ച് അടുത്തേയ്ക്കു വരികയായിരുന്നു. ധൃതരാഷ്ട്രർ പറഞ്ഞു:— "സഞ്ജയാ! ഉടൻതന്നെ നീ പുറത്തു കടക്കണം. യുധിഷ്ഠിര

മഹാരാജാവിനോട്ട് ധൃതരാഷ്ട്രന്നു് ഒടുവിൽ ഈശ്വരകാരുണ്യം ലഭിച്ചതായി പറയണം. ഒട്ടും താമസിക്കാതെ പുറത്തു പോകുക."

സഞ്ജയൻ:—മഹാരാജാവേ! അഗ്നി ഇതാ വന്നെത്തി.

ധൃതരാഷ്ട്രർ:—അഗ്നിദേവാ! വരൂ, വരൂ. ഇന്നു് എൻെറ അതിഭാഗ്യമാണു്. കുന്തീ! ഗാന്ധാരീ! അഗ്നിദേവനെ പ്രാർത്ഥിക്കുക. അദ്ദേഹം എന്നെ സ്പർശിച്ച ഉടനേ തണുത്തുപോകാതിരിക്കട്ടെ. അഗ്നിദേവാ! എന്നെപ്പോലുള്ള ഒരു പാപിയെ ദഹിപ്പിക്കുന്നതിന്നു് ഒട്ടും സങ്കോചിക്കേണ്ട. അങ്ങയും ഗംഗയുമാണു് ലോകത്തെ പരിശുദ്ധമാക്കിത്തീർക്കുന്നതു്. ഗംഗയിൽ ഈ ഹൃദയത്തെ കഴുകുവാൻ സാധിച്ചില്ല. ഇനി അങ്ങയും എന്നെ ഉപേക്ഷിക്കുകയാണെങ്കിൽ ഞാൻ എവിടെപ്പോകും? ഗാന്ധാരീ! കുന്തീ!

ഗാന്ധാരി:—മഹാരാജാവേ! ഞാൻ അഗ്നിയിൽ പെട്ടുപോയി. ഗാന്ധാരി അങ്ങയെ അവസാനമായി നമസ്കരിക്കുന്നു. കുന്തീ!

ധൃതരാഷ്ട്രർ:—കുന്തീ! കുന്തീ!

കുന്തി:—മഹാരാജാവേ! ഞാനും അഗ്നിയിൽപെട്ടുപോയിരിക്കുന്നു. കുന്തി അങ്ങയെ അവസാനമായി നമസ്കരിക്കുന്നു.

ധൃതരാഷ്ട്രർ:—രണ്ടുപേരും പോയോ? അഗ്നിദേവാ! അങ്ങയ്ക്കു് പ്രത്യേകമായ ഒരു വിശുദ്ധി ലഭിച്ചിട്ടുണ്ടായിരിക്കും. എന്നാൽ ഈ ധൃതരാഷ്ട്രനെ പിടികൂടിയാൽ മാത്രമേ അങ്ങയുടെ സത്യസന്ധതയിൽ ഞാൻ വിശ്വസിക്കുകയുള്ളു. ഇതാ എത്തിപ്പോയി, എത്തിപ്പോയി! എന്താണിത്ര സാവധാനം ദേവാ! എന്നെ

ദഹിപ്പിക്കുന്നതു് ഒരു പരീക്ഷയാണു്. ഇതാ വന്നു പോയി. ദേവാ! അങ്ങയ്ക്കു സ്വാഗതം. മകനേ ദുര്യോധനാ! നീ അവിടെയുണ്ടോ? ഞാനിതാ വന്നുപോയി! ഇതാ വന്നുപോയി!

ഗാന്ധാരിയുടെയും കുന്തിയുടെയും ധൃതരാഷ്ട്രരുടെയും ശരീരങ്ങൾ അഗ്നിയിൽ ദഹിച്ചു് ഭസ്മമായിപ്പോയി.

സമാപ്തം.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M 200.2 *Acc. No.* 11388

This book should be returned on or before the date last stamped below.

25 MAY 1984
18 JUL 1985
1 JUN 1988
8 SEP 1988
7 DEC 1988
19 APR 1999
31 DEC 2000
1 FEB 2001

൩൨൦൦ 1138.3

ഇമ്മാനൈൻ നായർ. പി. എം.

പൂന്ത രാ ക്ഷീർ.

10.

ഒരു

# [illegible]

പി. എം. കുമാരൻനായർ